പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി XIV

## (SUBJECT COMMITTEE XIV)

### ആഭ്യന്തരകാര്യങ്ങൾ

### (HOME AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

(2016 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ട പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2016 ഒക്ടോബർ ...18...-ാം തീയതി സമർപ്പിച്ചത്

(Presented on ...18th October...2016)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2016

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2016

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി XIV

# (SUBJECT COMMITTEE XIV)

## ആഭ്യന്തരകാര്യങ്ങൾ

## (HOME AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

(2016 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ട പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

861/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 24 |

# വിഷയനിർണ്ണയ സമിതി XIV

## (ആഭ്യന്തരകാര്യങ്ങൾ)

## (2016-2018)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. കെ. എം. മാണി

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

പതിമൂന്നാം കേരള നിയമസഭയുടെ വിഷയനിർണ്ണയ സമിതി XIV-ന്റെ 1-4-2015 മുതൽ 31-3-2016 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

2013 ഡിസംബർ 27-ാം തീയതിയിലെ 463-ാം നമ്പർ ബുള്ളറ്റിൻ—ഭാഗം 2 പ്രകാരം 2013-2016 കാലയളവിലേക്ക് പുനഃസംഘടിപ്പിക്കപ്പെട്ട ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതിയിൽ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ചെയർമാനും ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല എക്സ്-ഒഫീഷ്യോ അംഗവും ആയിരുന്നു. സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ (പ്രതിപക്ഷനേതാവ്), ടി. എ. അഹമ്മദ് കബീർ, കോടിയേരി ബാലകൃഷ്ണൻ, സി. ദിവാകരൻ, പി. സി. ജോർജ്, മാത്യു ടി. തോമസ്, തേറമ്പിൽ രാമകൃഷ്ണൻ, കെ. സുരേഷ് കുറുപ്പ്, ബെന്നി ബെഹനാൻ എന്നിവരായിരുന്നു സമിതിയിലെ അംഗങ്ങൾ. 2015 നവംബർ 30-ന് ശ്രീ. പി. സി. ജോർജ് സമിതി അംഗമല്ലാതാകുകയും പകരം ശ്രീ. എം. പി. വിൻസെന്റ്, എം.എൽ.എ. സമിതി അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുകയും ചെയ്തു.

2013-2016 കാലയളവിലെ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം വിഷയനിർണ്ണയ സമിതി, 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിശോധനയ്ക്ക് വിധേയമാക്കിയ കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 8 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3 യോഗങ്ങൾ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ടും 2 യോഗങ്ങൾ വിവിധ ബില്ലുകൾ പരിഗണിക്കുന്നതിനും 3 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ എന്നിവ പരിഗണിക്കുന്നതിനുമായാണ് ചേർന്നത്. സമിതി യോഗങ്ങളിലെ ശരാശരി ഹാജർനില 44% ആയിരുന്നു.

ഈ റിപ്പോർട്ട് മൂന്ന് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ സമിതി പരിശോധിച്ച ധനാഭ്യർത്ഥനകളുടെയും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെയും വിവരങ്ങളും രണ്ടാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ മറുപടികളും ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകളുടെയും ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വിവിധ

വകുപ്പുകളുടെ പ്രവർത്തന റിപ്പോർട്ടുകളുടെയും വിവരങ്ങളും ചേർത്തിരിക്കുന്നു. റിപ്പോർട്ടിന്റെ മൂന്നാം ഭാഗത്ത് സമിതി പരിശോധിച്ച കരട് ചട്ടങ്ങൾ, സാധൂകരിച്ച എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, സമിതി പരിഗണിച്ച ബില്ലുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 9-9-2016-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2016 സെപ്റ്റംബർ 9.

പിണറായി വിജയൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി XIV.*

# റിപ്പോർട്ട്

## ഭാഗം 1

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ചുള്ള സമിതിയുടെ റിപ്പോർട്ട് 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന II | - | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ |
| ധനാഭ്യർത്ഥന III | - | നീതിന്യായ നിർവ്വഹണം |
| ധനാഭ്യർത്ഥന IV | - | തെരഞ്ഞെടുപ്പുകൾ |
| ധനാഭ്യർത്ഥന XII | - | പോലീസ് |
| ധനാഭ്യർത്ഥന XIII | - | ജയിലുകൾ |
| ധനാഭ്യർത്ഥന XIV | - | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും |
| ധനാഭ്യർത്ഥന XVIII | - | വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും |
| ധനാഭ്യർത്ഥന XXIII | - | വാർത്താവിതരണവും പ്രചരണവും |
| ധനാഭ്യർത്ഥന XXIV | - | തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും |
| ധനാഭ്യർത്ഥന XXV / | - | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം |

സമിതിയുടെ 06.05.2015 - ലെ യോഗം അംഗീകരിച്ച 2015 മാർച്ച് 31 വരെയുള്ള ആന്തകാലിക റിപ്പോർട്ട് 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിച്ചു.

861/2016.

2015 ജൂലൈ 14-ാം തീയതിയിലെ സമിതിയോഗം അംഗീകരിച്ച സമിതിയുടെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2015 ജൂലൈ 23-ാം തീയതി സഭയിൽ സമർപ്പിച്ചു.

2015 - ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ, 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ 2015 ഡിസംബർ 3-ാം തീയതി സഭയിൽ സമർപ്പിച്ചു. 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ, 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ 2015 ഡിസംബർ 14-ാം തീയതി സഭയിൽ സമർപ്പിച്ചു.

## ഭാഗം 2

I ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ചുവടെ ചേർത്തിട്ടുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(എ) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

### ശിപാർശ

2230-01-103-11 - മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസം

നോർക്ക വകുപ്പ് നിലവിൽ നടപ്പാക്കിവരുന്ന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച 20000-ത്തോളം അപേക്ഷകർക്ക് മൂലധന സബ്സിഡി നൽകുന്നതിനും സൗദിയിലെ നിതാഖത്ത് നിയമം, ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്കരണം എന്നിവയുടെ പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ച സമഗ്ര പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിനും 50 കോടിയോളം രൂപ ആവശ്യമുള്ളതായി സമിതി

മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 45 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

## സർക്കാർ സ്വീകരിച്ച നടപടി

തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും സുസ്ഥിരവരുമാനം കണ്ടെത്തുന്നതിനുമായി ഏർപ്പെടുത്തിയ പദ്ധതിയുടെ നടത്തിപ്പിനായി 2014-15 വർഷം വകയിരുത്തിയിരുന്ന 5 കോടി രൂപയ്ക്ക് പുറമെ, 45 കോടി രൂപ കൂടി അനുവദിക്കണമെന്ന് നിയമസഭാ സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും, ആയത് അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

2230-01-103-24 - വിദേശ രാജ്യങ്ങളിൽ തൊഴിൽതേടി പോകുന്നവർക്കുള്ള ബോധവത്കരണം

നിലവിൽ പരിപാടിക്കായി ചെലവാക്കിവരുന്ന 25,000 രൂപ പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ ഒരു പരിപാടിയുടെ നടത്തിപ്പിന് 35,000 രൂപയാക്കി തുക അനുവദിക്കേണ്ടിവരും എന്നത് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

## സർക്കാർ സ്വീകരിച്ച നടപടി

തൻവർഷത്തിൽ 25 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി നോർക്ക - റൂട്ട്സിന് കൈമാറിയിരുന്നു. മുൻ സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പുൾപ്പെടെ പദ്ധതി നിർവഹണത്തിന് നോർക്ക - റൂട്ട്സിൽ തുകയുണ്ടായിരുന്നതിനാൽ കൂടുതൽ തുക ആവശ്യമായി വന്നില്ല. 2015-16 സാമ്പത്തിക വർഷത്തേക്ക് ഈ പദ്ധതിക്കായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ശിപാർശ

2230-01-103-39 - നോർക്ക വകുപ്പിന് കീഴിലുള്ള 'സാന്ത്വന' പദ്ധതി

ധനസഹായം 1.6.2013 മുതൽ വർദ്ധിപ്പിച്ചതിനാലും പദ്ധതി നടത്തിപ്പിനായി പ്രത്യേക സോഫ്റ്റ്‌വെയർ സ്ഥാപിച്ച സാഹചര്യത്തിലും പദ്ധതിയിലൂടെ 2014-15 വർഷം കൂടുതൽ ധനസഹായം വിതരണം ചെയ്യാനാകുന്നതാണ് എന്ന് സമിതി വിലയിരുത്തുന്നു. ഇതിന് പുറമെ സംസ്ഥാനതല അക്ഷയ കേന്ദ്രങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ മുഖാന്തരവും നേരിട്ടും അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തുന്നതിനും വകുപ്പ് ഉദ്ദേശിക്കുന്നതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 2 കോടി 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

## സർക്കാർ സ്വീകരിച്ച നടപടി

തിരികെയെത്തിയ ദുരിതമനുഭവിക്കുന്ന പ്രവാസികൾക്കായുള്ള നോർക്ക വകുപ്പിന്റെ ദുരിതാശ്വാസ പദ്ധതിയായ 'സാന്ത്വന' ക്കായി കഴിഞ്ഞ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 3 കോടി രൂപ അനുവദിക്കുകയും ആയത് ചെലവഴിക്കുകയുമുണ്ടായി. ഈ പദ്ധതിക്കായി 210 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് നിയമസഭാ സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും ആയത് ലഭിച്ചില്ല. എന്നാൽ അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ ടി തുക അപര്യാപ്തമായതിനാൽ പ്രസ്തുത ഹെഡിലേക്ക് 2 കോടി രൂപ കൂടി "2230-01-103-23-PLAC(P)" എന്ന ശീർഷകത്തിൽ നിന്നും ധനപുനർവിന്യാസം നടത്തിയിരുന്നു.

## ശിപാർശ

2230-01-103-40 - പ്രവാസി മലയാളികളുടെ നൈപുണ്യം മെച്ചപ്പെടുത്തലും പുനഃസംയോജന പരിശീലനവും

സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഐ.ടി.ഐ., പോളിടെക്നിക് എന്നിവ മുഖാന്തരം കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിനും കൂടാതെ ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്നവർക്ക് വിദേശ രാജ്യങ്ങളിലെ തൊഴിൽ മേഖലകളിൽ ഭാവിയിൽ ആവശ്യമായിവരുന്ന കോഴ്സുകളിൽ പ്രത്യേക ലഘു കോഴ്സുകൾ ക്രമീകരിക്കുന്നതിനും വേണ്ടി അധിക തുക വേണ്ടിവരും. ആയതിനാൽ 1 കോടി രൂപ കൂടി ഇതിലേക്ക് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 129)

## സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ തന്നെ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞതിനാൽ കൂടുതൽ തുക വേണ്ടിവന്നില്ല.

## ശിപാർശ

2230-01-103-43 - പ്രവാസി ക്ഷേമനിധി

അംഗങ്ങളുടെ അംശാദായത്തിന് ആനുപാതികമായ സർക്കാർ വിഹിതം അടയ്ക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 99,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ക്ഷേമനിധിയിലേക്ക് അംഗങ്ങൾ അടയ്ക്കുന്ന അംശാദായത്തിലേക്ക് സർക്കാർ നൽകുന്ന വിഹിതം നിലവിലെ 2% - ത്തിൽ നിന്നും വർദ്ധിപ്പിക്കണമെന്നും പ്രസ്തുത വർദ്ധനവ് വരുത്തുന്നതിനനുസരിച്ച് പെൻഷൻ തുകയും വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 130 & 131)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സർക്കാർ നൽകുന്ന വിഹിതം നിലവിലെ 2% ൽ നിന്നും വർദ്ധിപ്പിക്കണമെന്ന ആവശ്യം സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പരിഗണിച്ചില്ല. ആയതിനാൽ പെൻഷൻ തുക വർദ്ധിപ്പിക്കണമെന്ന നിയമസഭാ സമിതിയുടെ ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

2230-01-103-74 - <u>പ്രവാസി മലയാളികളെ അടിയന്തര സാഹചര്യത്തിൽ തിരിച്ചുകൊണ്ടുവരുന്നതിനുള്ള നിധി</u>

ഗൾഫ് രാജ്യങ്ങളിലും മറ്റ് വിദേശ രാജ്യങ്ങളിലും നിലനിൽക്കുന്ന സ്വദേശിവത്ക്കരണ നിയമങ്ങൾ മൂലം കൂടുതൽ പ്രവാസി മലയാളികൾ മടങ്ങി വരേണ്ട സാഹചര്യങ്ങളുണ്ടായാൽ അത് നേരിടുന്നതിനായി വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 80,00,000 രൂപകൂടി ഇതിലേക്ക് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 132)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഗൾഫ് രാജ്യങ്ങളിൽ നിന്നും മറ്റ് വിദേശരാജ്യങ്ങളിൽ നിന്നും അടിയന്തര ഘട്ടത്തിൽ പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. 2014-15 സാമ്പത്തിക വർഷം 20,00,000 രൂപ വകയിരുത്തുകയും ആയത് ചെലവാകുകയും ചെയ്തിരുന്നു. ധനവിഭവ പരിമിതിമൂലം നിയമസഭാ സമിതി ശിപാർശ ചെയ്തിരുന്ന അധിക തുക ലഭിച്ചിട്ടില്ല.

**ശിപാർശ**

2230-01-103-81 - സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശമലയാളികളെ ആകർഷിക്കൽ

വാർഷിക പദ്ധതിക്കുറിപ്പ് പ്രകാരമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 75,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 133)

**സർക്കാർ സ്വീകരിച്ച നടപടി**

ധനവിഭവ പരിമിതിമൂലം നിയമസഭാ സമിതി ശിപാർശ ചെയ്തിരുന്ന അധിക തുക ലഭിച്ചിട്ടില്ല.

**ശിപാർശ**

4250-00-201-94 - നോർക്ക സെന്റർ കെട്ടിടം നിർമ്മിക്കൽ

നോർക്ക സെന്റർ കെട്ടിടത്തിൽ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് കുറഞ്ഞത് ഒരു കോടി രൂപ ആവശ്യമാണ്. ആയതിനാൽ ഇതിലേക്കായി 75,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 134)

**സർക്കാർ സ്വീകരിച്ച നടപടി**

നോർക്ക സെന്ററിനോടനുബന്ധിച്ച് ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് നിർമ്മാണ ഏജൻസിയെ തെരഞ്ഞെടുത്ത് പണി ആരംഭിക്കാത്തതിനാൽ തുക പൂർണ്ണമായും വിനിയോഗിക്കാനായില്ല.

[ഖണ്ഡിക 126 മുതൽ 134 വരെ - സർക്കാർ കത്ത് നം. 5302/ബി/2014/നോർക്ക തീയതി 30.7.2015]

2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ, സമിതി പരിഗണിച്ച് അംഗീകരിച്ച 1, 7 മുതൽ 12 വരെ, 14, 15, 16, 19, 20, 21, 25, 28 മുതൽ 39 വരെ, 47 മുതൽ 54 വരെ, 56, 57, 61 മുതൽ 83 വരെ, 92 മുതൽ 99 വരെ, 115 മുതൽ 125 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച നടപടികളുടെ വിവരം 23.7.2015 ന് സഭയിൽ സമർപ്പിച്ച സമിതിയുടെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

## ശിപാർശ

2051-00-102-99 - പബ്ലിക് സർവ്വീസ് കമ്മീഷൻ

പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി തുക അനുവദിച്ചതിൽ, പാർട്ട് - ടൈം ജീവനക്കാരുടെയും ദിവസവേതനക്കാരുടെയും വേതനം, പരീക്ഷാ നടത്തിപ്പുമായും ഇന്റർവ്യൂ സംബന്ധമായുമുള്ള ജീവനക്കാരുടെയും കമ്മീഷൻ അംഗങ്ങളുടെയും വിഷയ വിദഗ്ധരുടെയും യാത്രാച്ചെലവുകൾ, ജീവനക്കാരുടെ അവധിയാത്രാനുകൂല്യം, കമ്മീഷന്റെ ഓഫീസുകളുടെയും ചെയർമാന്റെ ഔദ്യോഗിക വസതിയുടെയും വാടക എന്നീയിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 02- വേതനം എന്നയിനത്തിൽ 20,00,000 രൂപയും 04 - യാത്രാച്ചെലവിൽ യാത്രാബത്ത എന്നയിനത്തിൽ 75,00,000 രൂപയും അവധി യാത്രാനുകൂല്യം എന്ന ഇനത്തിൽ 5,88,000 രൂപയും 06 - വാടക, കരം നികുതിയിനത്തിൽ 27,00,000 രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വിവിധ തസ്തികകളിലായി 35 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന വിവിധ പരീക്ഷകൾ, ശാരീരികക്ഷമതാ പരിശോധന, ഡ്രൈവിംഗ് ടെസ്റ്റ് തുടങ്ങിയവ ഈ സാമ്പത്തിക വർഷം നടപ്പാക്കേണ്ടതുള്ളതിനാൽ '28 - തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ' എന്ന ഇനത്തിൽ 5,00,00,000 രൂപയും '34 - മറ്റു ചെലവുകൾ' എന്ന ഇനത്തിൽ 2,10,00,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4, 5)

## സർക്കാർ സ്വീകരിച്ച നടപടി

കേരള പബ്ലിക് സർവ്വീസ് കമ്മീഷന് 2015-16 സാമ്പത്തിക വർഷത്തിൽ, ബഡ്ജറ്റിൽ അനുവദിച്ച തുക കൂടാതെ വിവിധ ഘട്ടങ്ങളിലായി താഴെപ്പറയുന്ന ഉത്തരവുകൾ പ്രകാരം 12 കോടി 50 ലക്ഷം രൂപ അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

G.O(Rt.)No. 6641/15/Fin dated 17/07/2015 - 2 കോടി
G.O(Rt.)No. 8454/15/Fin dated 25/09/2015 - 5 കോടി
G.O(Rt.)No. 9043/15/Fin dated 15/10/2015 - 50 ലക്ഷം
G.O(Rt.)No. 10056/15/Fin dated 19/11/2015 - 5 കോടി

(സർക്കാർ കത്ത് നം. 46898/സ്പെ.ഇ 1/15/പൊ.ഭ.വ. തീയതി 5.1.2016)

## ശിപാർശ

2052-00-090-66 - സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻഹൗസ് ട്രെയിനിംഗ് സെൽ

പൊതുഭരണ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ പരിശീലന പരിപാടികളും ഇൻഹൗസ് ട്രെയിനിംഗ് സെന്റർ വഴി നൽകുന്നതിന് ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, 4,83,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

## സർക്കാർ സ്വീകരിച്ച നടപടി

2052-00-090-66 എന്ന ശീർഷകത്തിൽ നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള 4 ലക്ഷം രൂപ വിനിയോഗിച്ച് തീരുന്നമുറയ്ക്ക് അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതാണ്.
(സർക്കാർ കത്ത് നം. 12751/എ.ആർ11(1)/2015/ഉഭപവ തീയതി 09.11.2015)

## ശിപാർശ

3451-00-090-98 - നിയമ വകുപ്പിന്റെ നവീകരണം

നിയമ വകുപ്പിന്റെ നവീകരണ പദ്ധതിയുടെ രണ്ട്, മൂന്ന്, നാല് ഘടകങ്ങളുടെ നടത്തിപ്പിന് 2015-16 സാമ്പത്തിക വർഷം 57 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാലും ഒന്നാം ഘടകത്തിന് മുൻവർഷം 31,00,000 രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും ആകെ 88,00,000 രൂപ ഇതിലേക്ക് ആവശ്യമുള്ളതായി സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 8,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

## സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 02.07.2015 - ലെ 15073/നോഡൽ1/2015/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം 2015-16 സാമ്പത്തിക വർഷത്തേക്കായി 8,00,000 രൂപ കൂടി അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.
(സർക്കാർ കത്ത് നം. 14751/പാർല/2015/നിയമം തീയതി 17.09.2015)

## ശിപാർശ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ. എം. ജി)

3451-00-101-69 - സംസ്ഥാന പരിശീലന നയം - പരിശീലന പരിപാടി

നടപ്പു സാമ്പത്തികവർഷത്തിൽ സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി പരിശീലന പരിപാടി നടത്തുന്നതിന് 26,70,74,400 രൂപയാണ്

ആവശ്യപ്പെട്ടിരുന്നത്. ഈ പരിശീലന പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15,20,74,400 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

## സർക്കാർ സ്വീകരിച്ച നടപടി

ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം ആയതിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങളും അധികമായി ആവശ്യമായ തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങളും അവയുടെ ആവശ്യകത സംബന്ധിച്ച വിശദീകരണങ്ങളും ടി ശീർഷകത്തിലെ മുൻവർഷത്തെ ചെലവും സഹിതം തുല്യമായ തുക ഗ്രാന്റിനുള്ളിൽ സേവിംഗ്സ് കണ്ടെത്തി വ്യക്തമായ ശിപാർശ സമർപ്പിക്കുന്ന പക്ഷം ആവശ്യമായ തുക ധനപുനർ വിനിയോഗം വഴി അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്ന് ഐ. എം. ജി.യെ അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 12738/എ. ആർ. 13(1)/2015/ഉ.ഭ.പ.വ. തീയതി 28.10.2015)

## ശിപാർശ

2014-00-114-93 - കേരള സംസ്ഥാന നിയമ സഹായ സമിതി

ഈ ശീർഷകത്തിൽ വിവിധ കണക്കിനങ്ങളിലായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ ഓരോന്നിലും താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | | |
|---|---|---|---|
| 01-4- | മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | - | 22,00,000/-രൂപ |
| 04-1- | യാത്രാബത്ത | - | 12,42,000/- രൂപ |
| 04-2- | സ്ഥലംമാറ്റ ബത്ത | - | 2,82,000/- രൂപ |
| 04-4- | അവധിയാത്രാനുകൂല്യം | - | 4,08,000/- രൂപ |
| 05-2- | വൈദ്യുത ചെലവ് | - | 1,88,000/- രൂപ |

| | | | |
|---|---|---|---|
| 05-3- | ടെലിഫോൺ ചെലവ് | - | 2,00,000/- രൂപ |
| 05-4- | മറ്റിനങ്ങൾ | - | 11,00,000/- രൂപ |
| 06- | വാടക, കരം, നികുതി | - | 9,00,000/- രൂപ |
| 21-2- | മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 2,36,000/-രൂപ |
| 34- | മറ്റ് ചെലവുകൾ | - | 9,00,00,000/- രൂപ |
| 45- | പി. ഒ. എൽ | - | 2,92,000/- രൂപ |

21-1 - <u>മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ</u>

കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിക്കും 7 ജില്ലാ ഓഫീസുകളിൽ മുഴുവൻസമയ സെക്രട്ടറിമാരായി നിയമിതരായ ജുഡീഷ്യൽ ഓഫീസർമാർക്കും വാഹനം വാങ്ങുന്നതിലേക്ക് 66,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31, 32)

## സർക്കാർ സ്വീകരിച്ച നടപടി

17.06.2015 - ലെ 1469/15/എ/കെൽസ കത്തുപ്രകാരം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, സ്ഥലംമാറ്റബത്ത, വൈദ്യുത ചെലവ്, ടെലഫോൺ ചെലവ്, വാടക, മോട്ടോർവാഹനങ്ങൾ-വാങ്ങൽ, സംരക്ഷണം അറ്റകുറ്റപ്പണികൾ, മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിലായി "2014-00-114-93-കെൽസ" എന്ന ശീർഷകത്തിൽ, സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത ആകെ തുകയായ 10,36,48,000/- രൂപയിൽ നിന്നും 3,22,70,000/- രൂപ 2015-16 ലെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് ആദ്യബാച്ചിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് വേണ്ടി ധനകാര്യ വകുപ്പിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് സ്ഥിര ലോക അദാലത്ത് ഇപ്പോൾ നിലവിലുള്ളത്. മേല്പറഞ്ഞ സ്ഥിര ലോക അദാലത്തുകളുടെ പ്രവർത്തനങ്ങൾക്കായി 2015-16 വർഷത്തിൽ 5.35 ലക്ഷം രൂപ 2014-00-114-92 എന്ന ശീർഷകത്തിൽ വിവിധ ഇനങ്ങളിലായി അധികമായി

അനുവദിക്കണമെന്ന് വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2015-16 വർഷത്തിലേക്ക് "2014-00-114-92" എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തീരുന്നമുറയ്ക്ക്, സമിതി ശിപാർശ ചെയ്തിട്ടുള്ള 5.35 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പിനെ സമീപിക്കുന്നതിലേക്കാവശ്യമായ നിർദ്ദേശങ്ങൾ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നം. 14751/പാർല/2015/നിയമം തീയതി 17.09.2015)

## ശിപാർശ

2014-00-114-98 - ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

28 - തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളവും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രതിഫലവും ലീഗൽ അസിസ്റ്റന്റുമാരുടെ വാർഷിക ശമ്പള ആനുപാതിക വർദ്ധനവും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. കൂടാതെ ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്കുള്ള വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള വേതന ഇനത്തിലും വാഹനത്തിനുള്ള ഇന്ധന ചെലവിനത്തിലുമുള്ള ചെലവും പ്രതീക്ഷിക്കുന്നതിനാൽ ബഡ്ജറ്റിലെ വിഹിതം പര്യാപ്തമാവുകയില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1,46,65,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

## സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 30.06.2015 - ലെ 15022/എം.സി-1/2015/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് വഴി അധിക തുക

അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 14751/പാർല/2015/നിയമം തീയതി 17.9.2015)

## ശിപാർശ

2014-00-114-99 - ലാ ഓഫീസർമാർ

ഈ ശീർഷകത്തിലെ അവധിയാത്രാനുകൂല്യം, വെള്ളക്കരം, മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റു ചെലവുകൾ, പി.ഒ.എൽ. എന്നീ ഉപശീർഷകങ്ങളിലായി ബഡ്ജറ്റിൽ വകയിരുത്തിയ തുക തുലോം കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 04-4-അവധിയാത്രാനുകൂല്യം 4,90,000 രൂപ, 05-1- വെള്ളക്കരം 1,00,000 രൂപ, 21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും 3,35,000 രൂപ, 34-മറ്റ് ചെലവുകൾ 3,00,00,000 രൂപ, 45-പി.ഒ.എൽ. 3,50,000 രൂപ എന്നിങ്ങനെ ഓരോ ഇനത്തിലും അധിക തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

## സർക്കാർ സ്വീകരിച്ച നടപടി

വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 14751/പാർല/2015/നിയമം തീയതി 17.9.2015)

## ശിപാർശ

2070-00-003-97 - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

35 - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36 - സഹായധനം - ശമ്പളേതരം

ഐ.എം.ജി. തിരുവനന്തപുരം, ബാർട്ടൻ ഹിൽ കാമ്പസിൽ എക്സിക്യൂട്ടീവ് ഹോസ്റ്റലിന്റെ ഫർണിഷിംഗിന് ആവശ്യമായ തുക, കൊച്ചി, കോഴിക്കോട്

റീജിയണൽ സെന്ററുകളിലെ മൂലധന ചെലവുകൾക്കായുള്ള തുക, കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിലെ ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള തുക എന്നിവയ്ക്ക് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 17,90,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

## സർക്കാർ സ്വീകരിച്ച നടപടി

ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം ആയതിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങളും അധികമായി ആവശ്യമായ തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങളും അവയുടെ ആവശ്യകത സംബന്ധിച്ച വിശദീകരണങ്ങളും ടി ശീർഷകത്തിലെ മുൻവർഷത്തെ ചെലവും സഹിതം തുല്യമായ തുക ഗ്രാന്റിനുള്ളിൽ സേവിംഗ്സ് കണ്ടെത്തി വ്യക്തമായ ശിപാർശ സമർപ്പിക്കുന്നപക്ഷം ആവശ്യമായ തുക ധനപുനർവിനിയോഗം വഴി അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്ന് ഐ.എം.ജിയെ അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 12738/എ.ആർ13(1)/2015/ഉഭപവ തീയതി 28.10.2015)

## ശിപാർശ

31 - സഹായധനം - ശമ്പളം

യു.ജി.സി. നടപ്പിലാക്കിയ ജീവനക്കാർക്കുള്ള കുടിശ്ശിക തുക നൽകുമ്പോൾ വരുന്ന അധിക ബാദ്ധ്യത കൂടിയുള്ളതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമാകുകയില്ല. ആയതിനാൽ 6,42,92,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

## സർക്കാർ സ്വീകരിച്ച നടപടി

ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം ആയതിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങളും

അധികമായി ആവശ്യമായ തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങളും അവയുടെ ആവശ്യകത സംബന്ധിച്ച വിശദീകരണങ്ങളും ടി ശീർഷകത്തിലെ മുൻവർഷത്തെ ചെലവും സഹിതം തുല്യമായ തുക ഗ്രാന്റിനുള്ളിൽ സേവിംഗ്സ് കണ്ടെത്തി വ്യക്തമായ ശിപാർശ സമർപ്പിക്കുന്നപക്ഷം ആവശ്യമായ തുക ധനപുനർവിനിയോഗം വഴി അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്ന് ഐ.എം.ജിയെ അറിയിച്ചിട്ടുണ്ട്.
(സർക്കാർ കത്ത് നം. 12738/എ.ആർ13(1)/2015/ഉഭപവ തീയതി 28.10.2015)

## ശിപാർശ

2070-00-119-97 - ഭരണഭാഷ നടപ്പാക്കൽ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് സെക്രട്ടറിയുടെ കാറിന്റെ ദിവസവേതന ഡ്രൈവർക്കും കൂടാതെ പരിഭാഷാ/സൂക്ഷ്മ പരിശോധനാ ജോലികൾക്കുമായി താല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചവർക്കും വേതനം നൽകുന്നതിനും വകുപ്പിലെ വാഹനത്തിന്റെ ഇന്ധനച്ചെലവിനത്തിലും അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 02 - വേതനം ഇനത്തിൽ 30,000 രൂപയും 45 - പി.ഒ.എൽ. ഇനത്തിൽ 40,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34 - മറ്റ് ചെലവുകൾ

ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഭരണഭാഷാ പരിശീലനം, മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, ശില്പശാല സംഘടിപ്പിക്കൽ, ഭരണഭാഷാ സഹായഗ്രന്ഥങ്ങൾ വാങ്ങി വിതരണം ചെയ്യൽ, ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യൽ തുടങ്ങിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി. ഭരണഭാഷാവ്യാപന നടപടികൾ ഊർജ്ജിതമായി നടത്തുന്നതിനായി നടപ്പുവർഷം 4 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1,25,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ഉദ്യോഗസ്ഥർക്ക് ഔദ്യോഗികഭാഷാ പരിശീലനം നൽകുന്നതിനായി

2,66,87,500 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90, 91)

**സർക്കാർ സ്വീകരിച്ച നടപടി**

15/07/2015 - ലെ 5793/ഔ.ഭാ.1/15/ഉഭപവ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം പ്രസ്തുത തുകകൾ 2015-16 സാമ്പത്തിക വർഷം തന്നെ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നം. 5793/ഔ.ഭാ1/2015/ഉഭപവ തീയതി 20.8.2015)

**ശിപാർശ**

2070-00-119-98 - ഔദ്യോഗികഭാഷാ കമ്മീഷൻ

ഔദ്യോഗികഭാഷാ കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് 02 - വേതനം, 05-2-വൈദ്യുതച്ചെലവ്, 05-4 - മറ്റിനങ്ങൾ, 06 - വാടക, കരം, നികുതി എന്നീ ശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ 02 - വേതനം എന്ന ശീർഷകത്തിൽ 20,00,00,000 രൂപയും 05-2-വൈദ്യുതച്ചെലവ് എന്ന ശീർഷകത്തിൽ 1,50,00,000 രൂപയും 05-4-മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 30,00,00,000 രൂപയും 06 - വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 31,55,80,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

**സർക്കാർ സ്വീകരിച്ച നടപടി**

അനുവദിച്ച തുക തീരുന്നമുറയ്ക്ക് അധിക തുക ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നം. 14751/പാർല/2015/നിയമം തീയതി 17.9.2015)

## ശിപാർശ

26 - ഔദ്യോഗിക ഭാഷാപ്രയോഗം

വകുപ്പിന്റെ ഭാഷാപരിപോഷണ പ്രവർത്തനങ്ങൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഇതിലേക്ക് 1,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

## സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച തുക തീരുന്നമുറയ്ക്ക് അധിക തുക അനുവദിക്കുന്നതിന് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നം. 14751/പാർല/2015/നിയമം തീയതി 17.9.2015)

II ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം ലഭ്യമാക്കാതിരുന്നത് സംബന്ധിച്ച് ചട്ടം 236 (5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ.

2014-15 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 126 മുതൽ 134 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് 01.12.2015 ന് സഭയിൽ സമർപ്പിച്ചു.

**III കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ**

1. 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് പാർലമെന്ററികാര്യ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് 29.7.2015-ന് സഭയിൽ സമർപ്പിച്ചു.

2. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് പാർലമെന്ററികാര്യ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് 02.12.2015-ന് സഭയിൽ സമർപ്പിച്ചു.

3. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് 02.12.2015- ന് സഭയിൽ സമർപ്പിച്ചു.

4. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ധനകാര്യ (അക്കൗണ്ട്സ്) വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് 02.12.2015-ന് സഭയിൽ സമർപ്പിച്ചു.

5. 2014-15 സാമ്പത്തിക വർഷം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് ലഭ്യമായ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് 02.12.2015-ന് സഭയിൽ സമർപ്പിച്ചു.

6. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഔദ്യോഗികഭാഷ) വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് 02.12.2015 ന് സഭയിൽ സമർപ്പിച്ചു.

7. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച പൊതുഭരണം (സ്പെഷ്യൽ-എ) വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് 02.12.2015-ന് സഭയിൽ സമർപ്പിച്ചു.

8. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വിജിലൻസ് വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് 02.12.2015-ന് സഭയിൽ സമർപ്പിച്ചു.

9. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച പൊതുഭരണ (ന്യൂനപക്ഷ ക്ഷേമം) വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് 02.12.2015-ന് സഭയിൽ സമർപ്പിച്ചു.

10. 2014-15 സാമ്പത്തിക വർഷം കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ലഭ്യമാക്കിയ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് 02.12.2015-ന് സഭയിൽ സമർപ്പിച്ചു.

11. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച അച്ചടിയും സ്റ്റേഷനറിയും വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് 10.02.2016-ന് സഭയിൽ സമർപ്പിച്ചു.

12. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് 10.02.2016-ന് സഭയിൽ സമർപ്പിച്ചു.

## ഭാഗം -3

### I ചട്ടങ്ങളുടെ പരിശോധന

(എ) സമിതിയുടെ 17.09.2015, 09.02.2016, 21.04.2015 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങൾ താഴെ പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(i) ഭേദഗതിയോടെ അംഗീകരിച്ച കരട് ചട്ടങ്ങൾ

1. ദി സ്പെഷ്യൽ റൂൾസ് ഫോർ ദി കേരള പോലീസ് സബോർഡിനേറ്റ് സർവ്വീസ് (മോട്ടോർ ട്രാൻസ്പോർട്ട് വിംഗ്) അമെന്റ്മെന്റ്, 2015.
2. ദി മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി (അഡ്വാൻസ് ഫോർ ദി പർച്ചേയ്സ് ഓഫ് വെഹിക്കിൾ) അമെന്റ് മെന്റ് റൂൾസ്, 2014.
3. ദി മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി (പ്രൊവൈഡിംഗ് ദി അസ്സിസ്റ്റൻസ് ഓഫ് സ്റ്റാഫ് ആന്റ് പേമെന്റ് ഓഫ് സ്റ്റാഫ് അലവൻസ്) അമെന്റ്മെന്റ് റൂൾസ്, 2015.
4. ദി കേരള സർവ്വീസ് (.........അമെന്റ്മെന്റ്) റൂൾസ്, 2015(കെ.എസ്.ആർ പാർട്ട് III, റൂൾ 90-ലെ ഭേദഗതി)
5. ദി കേരള സർവ്വീസ് (...........അമെന്റ്മെന്റ്) റൂൾസ്, 2015 (കെ.എസ്.ആർ പാർട്ട് I-അപ്പെൻഡിക്സ് VII-സ്പെഷ്യൽ കാഷ്വൽ ലീവിലെ ഭേദഗതി.)
6. ദി കേരള സർവ്വീസ് (..........അമെന്റ്മെന്റ്) റൂൾസ്, 2015 (കെ.എസ്.ആർ.പാർട്ട് I- അപ്പെൻഡിക്സ് VII-സ്പെഷ്യൽ കാഷ്വൽ ലീവിലെ ഭേദഗതി)
7. ദി കേരള സർവ്വീസ് (........അമെന്റ്മെന്റ്) റൂൾസ്, 2015. (കെ.എസ്.ആർ. പാർട്ട് III-റൂൾ 120-ലെ ഭേദഗതി)

8. ദി കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് (...........അമെന്റ്മെന്റ്) റൂൾസ്, 2015. (റൂൾ 1,8 എന്നിവയിലെ ഭേദഗതി)
9. ദി പബ്ലിക് സർവ്വീസസ് (റെയിസിംഗ് ഓഫ് അപ്പർ ഏജ് ലിമിറ്റ് ഫോർ അപ്പോയിന്റ്മെന്റ്) അമെന്റ്മെന്റ് റൂൾസ്, 2015.
10. ദി കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (..........അമെന്റ്മെന്റ്) റൂൾസ്, 2015.
11. ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനീസ്) അമെന്റ്മെന്റ് റൂൾസ്, 2015.
12. ദി മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി (ഹൗസ് ബിൽഡിംഗ് അഡ്വാൻസ്) അമെന്റ്മെന്റ് (അമെന്റിംഗ്) റൂൾസ്, 2015.

## (ii) ഭേദഗതി കൂടാതെ അംഗീകരിച്ച കരട് ചട്ടങ്ങൾ

1. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (.........ഭേദഗതി) റൂൾസ്, 2015.
2. കേരള സർവ്വീസ് (.............ഭേദഗതി) ചട്ടങ്ങൾ, 2015 (പാർട്ട് I, റൂൾ 91A-ലെ ഭേദഗതി)
3. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (............ഭേദഗതി) ചട്ടങ്ങൾ, 2015.
   (പാർട്ട് I, ലിസ്റ്റ് III യിലെ ഭേദഗതി)
4. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (............ഭേദഗതി) ചട്ടങ്ങൾ, 2015.
   (പാർട്ട് II, ചട്ടം 27 ലെ ഭേദഗതി)

## (iii) 17.09.2015 - ലെ സമിതി യോഗം പിശക് തിരുത്തി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാൻ അനുമതി നൽകിയ കരട് ചട്ടം.

(1) കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (..........ഭേദഗതി) ചട്ടങ്ങൾ, 2014.

പ്രസ്തുത കരട് ചട്ടത്തിൽ സംഭവിച്ച പിശക് തിരുത്തി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി അനുമതി ആവശ്യപ്പെട്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സമർപ്പിച്ച 18.04.2015-ലെ കത്ത് പരിഗണിക്കുകയും വകുപ്പ് ആവശ്യപ്പെട്ട പ്രകാരം കരട് ചട്ടത്തിലെ പിശക് തിരുത്തുന്നതിന് അനുമതി നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

(iv) <u>09.02.2016-ലെ സമിതി യോഗതീരുമാനപ്രകാരം പരിഗണന മാറ്റിവയ്ക്കപ്പെട്ട കരട് ചട്ടം</u>

1. ദി കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (..........അമെന്റ്മെന്റ് ) റൂൾസ്, 2015.

സ്കൂൾ തലത്തിലോ ബിരുദ തലത്തിലോ 'മലയാളം' ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തവർ സർക്കാർ സർവ്വീസിൽ പ്രവേശിക്കുമ്പോൾ അവരുടെ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന മലയാളം പരീക്ഷ വിജയിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി KS&SSR ൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച കരട് ചട്ടത്തിന്റെ പരിഗണന മലയാള ഭാഷാ നിയമം പ്രാബല്യത്തിൽ വരുന്നതുവരെ മാറ്റി വയ്ക്കുന്നതിന് സമിതി തീരുമാനിച്ചു.

(ബി) 09.02.2016-ൽ ചേർന്ന സമിതി യോഗം സമിതിയുടെ മുൻകൂർ പരിശോധനയ്ക്ക് വിധേയമാക്കാതെ പുറപ്പെടുവിച്ചിട്ടുള്ള താഴെപ്പറയുന്ന ചട്ടങ്ങൾക്ക് ഭേദഗതി കൂടാതെ സാധൂകരണം നൽകി.

1) കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കൺഡക്ട് ഓഫ് കേസസ് (അമെന്റ്മെന്റ്) റൂൾസ്, 2015.

(എസ്.ആർ.ഒ. നമ്പർ. 713/2015)

2) കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ, 2015.

(എസ്.ആർ.ഒ. നമ്പർ.747/2015)

II. <u>ബില്ലുകളുടെ പരിശോധന</u>

സമിതി താഴെപ്പറയുന്ന ബില്ലുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1) 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ (01.12.2015-ലെ യോഗം ഭേദഗതിയോടെ അംഗീകരിച്ചു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 03.12.2015-ന് സഭയിൽ സമർപ്പിച്ചു.)

2) 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ (01.12.2015- ലെ യോഗം ഭേദഗതി കൂടാതെ അംഗീകരിച്ചു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 03.12.2015-ന് സഭയിൽ സമർപ്പിച്ചു.)

3) 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ (08.12.2015-ലെ യോഗം ഭേദഗതികളോടെ അംഗീകരിച്ചു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 14.12.2015-ന് സഭയിൽ സമർപ്പിച്ചു.)

4) 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ (08.12.2015-ലെ യോഗം ഭേദഗതികളോടെ അംഗീകരിച്ചു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 14.12.2015-ന് സഭയിൽ സമർപ്പിച്ചു.)

സമിതിയുടെ പരിഗണനയിലുള്ള 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബില്ലിന്മേലുള്ള തുടർ നടപടികൾ സമാന വിഷയത്തിൽ കേന്ദ്ര നിയമം നിലവിലുള്ളതിനാൽ തുടരേണ്ടതില്ലെന്ന് 17.09.2015-ലെ സമിതിയോഗം തീരുമാനിച്ചു.

പിണറായി വിജയൻ,
അദ്ധ്യക്ഷൻ,
വിഷയനിർണ്ണയ സമിതി XIV.

തിരുവനന്തപുരം,
2016 സെപ്റ്റംബർ 09.

# അനുബന്ധം

## 21.4.2015 ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2015 ഏപ്രിൽ 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 'V ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. എക്സ് ഒഫിഷ്യോ അംഗം ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി ശ്രീ. രമേശ് ചെന്നിത്തലയും, പ്രത്യേക ക്ഷണിതാക്കളായ ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി ശ്രീ. കെ. സി. ജോസഫ്, ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി, കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി ശ്രീ. കെ. പി. മോഹനൻ എന്നിവരും താഴെപ്പറയുന്ന സമിതി അംഗങ്ങളും യോഗത്തിൽ ഹാജരായിരുന്നു.

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.
2. ശ്രീ. ബെന്നി ബെഹനാൻ, എം. എൽ. എ.
3. ശ്രീ. പി. സി. ജോർജ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി പി. കെ. ഗിരിജ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ഡി. ഡി. ഗോഡ്ഫ്രീ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.

2. ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വിവരസാങ്കേതികവിദ്യാ വകുപ്പ്.

3. ശ്രീ. സത്യജിത് രാജൻ, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

4. ശ്രീ. ഇ. കെ. മാജി, പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ്.

5. ഡോ. രാജുനാരായണസ്വാമി, സെക്രട്ടറി, അച്ചടി വകുപ്പ്.

6. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്.

7. ശ്രീമതി റാണിജോർജ്, സെക്രട്ടറി, പ്രവാസികാര്യവും ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസും വകുപ്പ്.

8. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.

9. ശ്രീമതി ഭണ്ഡാരി സ്വാഗത് രൺവീർചന്ദ്, ഡെപ്യൂട്ടി സെക്രട്ടറി ആന്റ് ഡയറക്ടർ (സി.പി.എം.യു.)

10. ശ്രീമതി മിനി ആന്റണി, ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്.

11. ശ്രീ. സജിൻജോർജ്, സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

12. ശ്രീ. പി. കെ. മൊഹന്തി, ഡയറക്ടർ ജനറൽ, ഐ.എം.ജി.

13. ശ്രീ. വി. കെ. ബാലചന്ദ്രകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്.

14. ശ്രീമതി പി. ജയലക്ഷ്മി, ജോയിന്റ് സെക്രട്ടറി, ധനകാര്യ(ബഡ്ജറ്റ് വിംഗ്)വകുപ്പ്

15. ശ്രീമതി പി. ബി. ഓമന, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്.

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ II, III, XIV, XXIII, XXIV എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ ശീർഷകങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തിയശേഷം താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന II

2013-00-101-99 - മന്ത്രിമാരുടെ ശമ്പളം

01-4 - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ഈ ശീർഷകത്തിൽ 2014-15 വർഷം 22,79,488 രൂപ ചെലവ് വന്നിട്ടുള്ളതിനാലും പ്രസ്തുത വർഷത്തെ ക്ലെയിമുകൾ ഇനിയും കുടിശ്ശികയുള്ളതിനാലും നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ 20,00,000 രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2013-00-104-99 - അതിഥിസൽക്കാരചെലവുകൾ

മുൻ സാമ്പത്തിക വർഷത്തെ ചെലവ് ഈ വർഷവും പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 15,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2013 -00-800-99 - മന്ത്രിസഭ - മറ്റു ചെലവുകൾ - ഓഫീസ് ചെലവുകൾ

മുൻ സാമ്പത്തിക വർഷം ചെലവായ തുകയ്ക്ക് ആനുപാതികമായി ഈ സാമ്പത്തികവർഷം ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നതിനാൽ ഈ ശീർഷകത്തിൽ 50,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2051-00-102-99- പബ്ലിക് സർവ്വീസ് കമ്മീഷൻ

പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി തുക അനുവദിച്ചതിൽ, പാർട്ട് ടൈം ജിവനക്കാരുടെയും ദിവസവേതനക്കാരുടെയും വേതനം,

പരീക്ഷാ നടത്തിപ്പ്, ഇന്റർവ്യൂ എന്നിവ സംബന്ധിച്ച ജീവനക്കാരുടെയും കമ്മീഷൻ അംഗങ്ങളുടെയും വിഷയ വിദഗ്ധരുടെയും യാത്രാചെലവുകൾ, ജീവനക്കാരുടെ അവധിയാത്രാനുകൂല്യം, കമ്മീഷന്റെ ഓഫീസുകളുടെയും ചെയർമാന്റെ ഔദ്യോഗിക വസതിയുടെയും വാടക എന്നീയിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 02- വേതനം എന്നയിനത്തിൽ 20,00,000 രൂപയും -04- യാത്രാച്ചെലവിൽ യാത്രാബത്ത എന്നയിനത്തിൽ 75,00,000 രൂപയും അവധി യാത്രാനുകൂല്യം എന്ന ഇനത്തിൽ 5,88,000 രൂപയും 06 - വാടക, കരം നികുതിയിനത്തിൽ 27,00,000 രൂപയും അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വിവിധ തസ്തികകളിലായി 35 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന വിവിധ പരീക്ഷകൾ, ശാരീരികക്ഷമതാ പരിശോധന, ഡ്രൈവിംഗ് ടെസ്റ്റ് തുടങ്ങിയവ ഈ സാമ്പത്തികവർഷം നടപ്പാക്കേണ്ടതുള്ളതിനാൽ '28 - തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ' എന്ന ഇനത്തിൽ 5,00,00,000 രൂപയും '34 - മറ്റു ചെലവുകൾ' എന്ന ഇനത്തിൽ 2,10,00,000 രൂപയും കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-66 : <u>സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻഹൗസ് ട്രെയിനിംഗ് സെൽ.</u>

പൊതുഭരണവകുപ്പുമായി ബന്ധപ്പെട്ട എല്ലാ പരിശീലന പരിപാടികളും ഇൻഹൗസ് ട്രെയിനിംഗ് സെന്റർ വഴി നൽകുന്നതിന് സർക്കാർ ലക്ഷ്യമിടുന്നതിനാൽ ഈ ശീർഷകത്തിൽ 4,83,000/- രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-86 - <u>പാർലമെന്ററികാര്യ വകുപ്പ്</u>

34 - <u>മറ്റു ചെലവുകൾ</u>

അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡെസ്ക് എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ, എറ്റേണൽ അസംബ്ലി, എക്സ്ചേഞ്ച് പ്രോഗ്രാം, പഴയ നിയമസഭാ മന്ദിരത്തിൽ ചരിത്ര

സംഭവങ്ങളുടെ വിഷ്വൽ പ്രസന്റേഷൻ നടപ്പാക്കൽ, ഭരണ നിർവ്വഹണച്ചെലവുകൾ എന്നിവയ്ക്കായി മേല്പ്പറഞ്ഞ ശീർഷകത്തിൽ 1,10,00,000 രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 95,19,000 രൂപ മാത്രമാണ് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളത് എന്ന് സമിതി നിരീക്ഷിച്ചു. പ്രസ്തുത വിഹിതം അപര്യാപ്തമായതിനാൽ 14,81,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-72-<u>കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിന്റെ വേതനവും അലവൻസും</u>

01 - <u>ശമ്പളം</u>

ക്ഷാമബത്താ വർദ്ധനവ്, ക്ഷാമബത്താ കുടിശ്ശിക, ലീവ് സറണ്ടർ, ശമ്പളപരിഷ്കരണം മുതലായവയ്ക്കുള്ള ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ബഡ്ജറ്റിൽ വകകൊള്ളിച്ച തുക പര്യാപ്തമല്ല എന്നു സമിതി നിരീക്ഷിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 15,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

02 - <u>വേതനം</u>

എം. പി. മാരുടെ ഡ്രൈവർമാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം നൽകേണ്ടതായിട്ടുള്ളതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തുകയും ഇപ്പോൾ അനുവദിച്ചിട്ടുള്ള 30,00,000 രൂപയ്ക്ക് പുറമെ 8,01,200 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2052-00-090-94 - <u>പാകിസ്ഥാനിലെയും മറ്റു വിദേശരാജ്യങ്ങളിലെയും പൗരന്മാരെ സംബന്ധിച്ച ഏജൻസി ജോലികൾ</u>

01-4 - <u>മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

ഈ ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തിനാൽ 5000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00 -090-97 - മറ്റു മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്

04-I - യാത്രാ ബത്ത

മുൻ സാമ്പത്തിക വർഷത്തെ 5 ലക്ഷത്തോളം രൂപയുള്ള ബില്ലുകൾ തീർപ്പാക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 4,48,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04-4 - അവധി യാത്രാനുകൂല്യം

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം, കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്ക് പര്യാപ്തമല്ലാത്തതിനാൽ നിലവിലെ വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 1,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

01-4 - മെഡിക്കൽ റീഇംബേഴ്സ്മെന്റ്

ഫണ്ട് ദൗർലഭ്യം നിമിത്തം മുൻവർഷം കുടിശ്ശികയായ 5,00,000 രൂപയുടെ മെഡിക്കൽ ക്ലെയിമുകൾ തീർപ്പാക്കാനുള്ളതിനാലും പലിശരഹിത ചികിത്സാ വായ്പയുടെ ക്രമീകരണത്തിനായി 10,00,000 രൂപ ആവശ്യമുള്ളതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 15,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-98 - മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്

01-4 - മെഡിക്കൽ റീഇംബേഴ്സ്മെന്റ്

2014-15 വർഷം 1,91,250 രൂപയുടെ ചെലവു വന്നിട്ടുള്ളതിനാൽ 1,50,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-99 - അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്

ഈ ശീർഷകത്തിലെ വിവിധ കണക്കിനങ്ങളിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഓരോ കണക്കിനത്തിലും താഴെപ്പറയും പ്രകാരം അധികതുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

| | |
|---|---|
| 01-4 - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | : 10,00,000 രൂപ |
| 02 - വേതനം | : 20,00,000 രൂപ |
| 04-4 -അവധിയാത്രാനുകൂല്യം | : 8,00,000 രൂപ |
| 05-1 - വെള്ളക്കരം | : 1,00,000 രൂപ |
| 05-3 - ടെലഫോൺ ചെലവുകൾ | : 40,00,000 രൂപ |
| 21-2 - മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | : 1,75,000 രൂപ |
| 34 - മറ്റ് ചെലവുകൾ | : 23,00,000 രൂപ |
| 45 - പി.ഒ.എൽ. | : 80,000 രൂപ |

2052-00-092-88 - <u>കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ</u>

നടപ്പു സാമ്പത്തിക വർഷത്തിൽ വിവരാവകാശ കമ്മീഷന് ടെലഫോൺ ചെലവ്, മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീയിന ങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 05-3 - ടെലഫോൺ ചെലവ് എന്ന ഇനത്തിലും 21-2 - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിലും 2,00,000 രൂപ വീതം അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് ഗതാഗതയോഗ്യമായ വാഹനങ്ങൾ അത്യന്താപേക്ഷിതമായതിനാൽ പുതിയ വാഹനം വാങ്ങുന്നതിനായി ആവശ്യപ്പെട്ട 40,00,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2251-00-090-99- <u>സെക്രട്ടേറിയറ്റ്</u>

04-4 - അവധി യാത്രാനുകൂല്യം

മുൻസാമ്പത്തിക വർഷം ചെലവായ തുക നടപ്പുവർഷവും പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 3,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-090-98 : നിയമവകുപ്പിന്റെ നവീകരണം.

നിയമവകുപ്പിന്റെ നവീകരണപദ്ധതിയുടെ രണ്ട്, മൂന്ന്, നാല് ഘടകങ്ങളുടെ നടത്തിപ്പിന് 2015-16 സാമ്പത്തിക വർഷം 57 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാലും ഒന്നാം ഘടകത്തിന് മുൻവർഷം 31,00,000/- രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും ആകെ 88,00,000/- രൂപ ഇതിലേക്ക് ആവശ്യമുള്ളതായി സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 8,00,000/- രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-101-69 : സംസ്ഥാന പരിശീലന നയം - പരിശീലന പരിപാടി

നടപ്പുസാമ്പത്തികവർഷത്തിൽ സംസ്ഥാന പരിശീലനനയത്തിന്റെ ഭാഗമായി പരിശീലനപരിപാടി നടത്തുന്നതിന് 26,70,74,400/- രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. പരിശീലന പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15,20,74,400/- രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-101-99 : സംസ്ഥാന ആസൂത്രണ ബോർഡ്

സംസ്ഥാന ആസൂത്രണ ബോർഡിന് വിവിധ കണക്കിനങ്ങളിൽ നോൺ പ്ലാനിൽ അനുവദിച്ച ബജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ 02-വേതനം -7,00,000/-രൂപ, 05-1-വെള്ളക്കരം - 1,00,000/-രൂപ, 05-2-വൈദ്യുതചെലവ് - 10,00,000/-രൂപ, 21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപണിയും-2,00,000/- രൂപ എന്നിങ്ങനെ ഓരോ കണക്കിനത്തിലും അധിക തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-102-99 : <u>ജില്ലാ പ്ലാനിംഗ് വിഭാഗം</u>

ഈ ശീർഷകത്തിൻകീഴിലുള്ള വേതനം, യാത്രാബത്ത ഇനങ്ങളിൽ അനുവദിച്ച ബജറ്റ്വിഹിതം പര്യാപ്തമല്ലാത്തതിനാൽ 02-വേതനം ഇനത്തിൽ 7,00,000/- രൂപയും 04-1-യാത്രാബത്ത ഇനത്തിൽ 2,50,000/- രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-101-87-01 : <u>കേരള വിവരസാങ്കേതികത്വ സർവ്വീസ് സൊസൈറ്റി - സംസ്ഥാന പദ്ധതി - ജനറൽ</u>

കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (കെസ്വാൻ), ഫ്രണ്ട്സ് എന്നീ പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ ഈ പദ്ധതികൾക്കായി യഥാക്രമം 10,10,00,000/- രൂപ 99,00,000/- രൂപ എന്നിങ്ങനെ ആകെ 11,09,00,000/- രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-101-52 : <u>അക്ഷയ പദ്ധതി</u>

അക്ഷയ പദ്ധതിയിലെ വിവിധ ഘടകങ്ങളുടെ നടത്തിപ്പിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2,00,00,000/- രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-101-39 - <u>യൂത്ത് എന്റർപ്രണർഷിപ്പ്</u>

യുവസംരംഭകത്വ മിഷൻ സ്റ്റാർട്ടപ്പ് പോളിസിക്കുവേണ്ടി മുൻകാലങ്ങളിൽ വാടകയില്ലാതെ കെട്ടിടവും മറ്റു സൗകര്യങ്ങളും നൽകിയിരുന്നതായും, വൈദ്യുതി, അറ്റകുറ്റപ്പണി എന്നിവയ്ക്കുള്ള തുക മാത്രമാണ് സംരംഭകരിൽ നിന്നും ഈടാക്കിയിരുന്നതെന്നും സ്റ്റാർട്ടപ് സംരംഭകർക്ക് കെട്ടിടം, മറ്റുസൗകര്യങ്ങൾ എന്നിവയ്ക്ക് പുറമേ മറ്റ് ആനുകൂല്യങ്ങളും നൽകുന്നതാണെന്ന് സർക്കാർ അറിയിച്ചിട്ടില്ലെന്നും സ്റ്റാർട്ടപ് സംരംഭകർക്കായി ഫ്രീ കണക്റ്റിവിറ്റി നൽകാമെന്ന കേന്ദ്രസർക്കാരിന്റെ തത്വത്തിലുള്ള

തീരുമാനം സംസ്ഥാനങ്ങളെ അറിയിക്കുന്ന മുറയ്ക്ക് അത് നൽകാമെന്നും സ്റ്റാർട്ടപ് സംരംഭകർക്കായി വാഗ്ദാനം ചെയ്തിരിക്കുന്ന സഹായങ്ങൾക്കായി 20 കോടി രൂപ അധികമായി ആവശ്യമുണ്ടെന്നും ഇതിൽ പത്തു കോടിയെങ്കിലും അനുവദിക്കണമെന്നും വിവരസാങ്കേതിക വിദ്യാവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിമുമ്പാകെ അറിയിച്ചു.

സ്റ്റാർട്ടപ് സംരംഭകർക്കായി വാഗ്ദാനം ചെയ്തിരിക്കുന്ന സഹായങ്ങൾക്ക് 10,00,00,000/- രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ III

2014-00-102-99ഹ **ഹൈക്കോടതി**

21-1 - **മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ**

ഹൈക്കോടതി ജഡ്ജിമാർക്കുവേണ്ടി കാലപ്പഴക്കം ചെന്ന മോട്ടോർ വാഹനങ്ങൾ (11 എണ്ണം) മാറ്റി വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 1,75,99,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-105-95 - **മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ**

ഈ ശീർഷകത്തിലെ 02- വേതനം എന്നയിനത്തിൽ 3,00,000 രൂപയും 05-3- ടെലഫോൺ ചാർജ് എന്നയിനത്തിൽ 1,00,000 രൂപയും 21-2- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നയിനത്തിൽ 1,00,000 രൂപയും 45-പി.ഒ.എൽ എന്നയിനത്തിൽ 3,00,000 രൂപയും കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-105-99 - **സിവിലും സെഷൻസും കോടതികൾ**

99 - **വിവരസാങ്കേതിക വിദ്യ**

ജുഡീഷ്യൽ ഓഫീസർമാർക്ക് ലാപ്ടോപ്പുകളും പ്രിന്ററുകളും വാങ്ങുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾക്കുമായി ബഡ്ജറ്റിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2,74,80,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-108-99 - <u>ക്രിമിനൽ കോടതി</u>

21 - 1 - <u>മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ.</u>

കല്പറ്റ കോടതിയിൽ പഴയ കാർ മാറ്റി വാങ്ങുന്നതിനും ആലപ്പുഴ, മഞ്ചേരി കോടതികളിൽ കണ്ടം ചെയ്ത വാഹനത്തിനുപകരം പുതിയ വാഹനം വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 20,99,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-114-92 - <u>സ്ഥിര ലോക് അദാലത്</u>

ഈ ശീർഷകത്തിലെ 01-4- മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, 04-2 സ്ഥലംമാറ്റ ബത്ത, 04-4 അവധിയാത്രാനുകൂല്യം, 05-2 - വൈദ്യുത ചെലവ്, 05-3 ടെലഫോൺ ചെലവ് എന്നീ ഉപശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിലും യഥാക്രമം 2,35,000 രൂപ, 49,000 രൂപ, 1,93,000 രൂപ, 28,000 രൂപ, 30,000 രൂപ എന്നിങ്ങനെ തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-114-93 - <u>കേരള സംസ്ഥാന നിയമ സഹായ സമിതി</u>

ഈ ശീർഷകത്തിൽ വിവിധ കണക്കിനങ്ങളിലായി അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ ഓരോന്നിലും താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

| | |
|---|---|
| 01 - 4 -മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | - 22,00,000 രൂപ |
| 04 - 1 -യാത്രാബത്ത | - 12,42,000 രൂപ |
| 04 - 2 - സ്ഥലംമാറ്റബത്ത | - 2,82,000 രൂപ |
| 04 - 4 -അവധിയാത്രാനുകൂല്യം | - 4,08,000 രൂപ |
| 05 - 2 -വൈദ്യുതച്ചെലവ് | - 1,88,000 രൂപ |
| 05 - 3 -ടെലഫോൺ ചെലവ് | - 2,00,000 രൂപ |
| 05 - 4 -മറ്റിനങ്ങൾ | - 11,00,000 രൂപ |
| 06 - വാടക, കരം, നികുതി | - 9,00,000 രൂപ |
| 21 - 2 -മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | - 2,36,000 രൂപ |
| 34 - മറ്റു ചെലവുകൾ | - 9,00,00,000 രൂപ |
| 45 - പി. ഒ. എൽ | - 2,92,000 രൂപ |

21 - 1- മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ

കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയും 7 ജില്ലാ ഓഫീസുകളിൽ മുഴുവൻ സമയ സെക്രട്ടറിമാരായി നിയമിതരായ ജുഡീഷ്യൽ ഓഫീസർമാർക്കും വാഹനം വാങ്ങുന്നതിലേയ്ക്ക് 66,00,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-114-98 : ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

28 - തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളവും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രതിഫലവും ലീഗൽ അസിസ്റ്റന്റുമാരുടെ വാർഷിക ശമ്പള ആനുപാതിക വർദ്ധനവും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. കൂടാതെ ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്കുള്ള വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള വേതന ഇനത്തിലും വാഹനത്തിനുള്ള ഇന്ധന ചെലവിനത്തിലുമുള്ള ചെലവും പ്രതീക്ഷിക്കുന്നതിനാൽ

ബഡ്ജറ്റിലെ വിഹിതം പര്യാപ്തമാവുകയില്ലായെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 1,46,65,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-114-99 - ലാ ഓഫീസർമാർ

ഈ ശീർഷകത്തിലെ അവധിയാത്രാനുകൂല്യം, വെള്ളക്കരം, മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റ പ്പണികളും, മറ്റു ചെലവുകൾ, പി. ഒ. എൽ എന്നീ ഉപശീർഷകങ്ങളിലായി ബഡ്ജറ്റിൽ വകയിരുത്തിയ തുക തുലോം കുറവാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ 04-4 അവധി യാത്രാനുകൂല്യം - 4,90,000 രൂപ, 05-1- വെള്ളക്കരം - 1,00,000 രൂപ, 21-2- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും - 3,35,000 രൂപ, 34 - മറ്റു ചെലവുകൾ - 3,00,00,000 രൂപ, 45 - പി.ഒ.എൽ - 3,50,000 രൂപ എന്നിങ്ങനെ ഓരോ ഇനത്തിലും അധിക തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-116-99 - സംസ്ഥാന ഭരണ നിർവ്വഹണ മധ്യസ്ഥ കോടതി

സംസ്ഥാന ഭരണ നിർവ്വഹണ മധ്യസ്ഥ കോടതിയുടെ സുഗമമായ പ്രവർത്തനത്തിനായി വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, 01-ശമ്പളം എന്ന ശീർഷകത്തിൽ 50,00,000 രൂപയും 02-വേതനം എന്ന ശീർഷകത്തിൽ 3,64,000 രൂപയും, 04-1 യാത്രാബത്ത എന്ന ശീർഷകത്തിൽ 1,62,000 രൂപയും, 04-4 അവധിയാത്രാനുകൂല്യം എന്ന ശീർഷകത്തിൽ 42,000 രൂപയും 05-2 വൈദ്യുതി ചാർജ് എന്ന ശീർഷകത്തിൽ 1,20,000 രൂപയും 05-4- മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 17,30,000 രൂപയും 18 - സംരക്ഷണം എന്ന ശീർഷകത്തിൽ 99,000 രൂപയും, 21-2- മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണിയും എന്ന ശീർഷകത്തിൽ 2,46,000 രൂപയും കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കമ്മീഷനിൽ പുതുതായി ചുമതലയേൽക്കുന്ന ജുഡീഷ്യൽ അംഗത്തിന്റെ ആവശ്യത്തിലേയ്ക്കായും എറണാകുളം അഡീഷണൽ ബഞ്ചിന്റെ ഉപയോഗത്തിലേയ്ക്കും ഓരോ കാർ വാങ്ങുന്നതിന് 34,00,000 രൂപ 21-1- വാഹനം വാങ്ങൽ എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-117-99 - കുടുംബ കോടതി

21 - 1 - മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ

ആറ്റിങ്ങൽ, ചവറ, ഇരിങ്ങാലക്കുട, ഒറ്റപ്പാലം, തിരൂർ, മാവേലിക്കര, പത്തനംതിട്ട, പാല, കട്ടപ്പന എന്നീ കുടുംബകോടതികളിൽ പുതിയ വാഹനം വാങ്ങുന്നതിനും എറണാകുളം കുടുംബകോടതിയിലെ കണ്ടം ചെയ്ത വാഹനത്തിനുപകരം പുതിയ വാഹനം വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 69,99,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-85- ഇ - കോടതി നടപ്പാക്കൽ

ബാക്ക് ലോഗ് ഡാറ്റാ എൻട്രിക്ക് വേണ്ടിയുള്ള ഫണ്ട്, ഡീസൽ ജനറേറ്റർ സെറ്റുകൾ പ്രവർത്തനമാക്കുന്നതിനും മനുഷ്യവിഭവശേഷി നൽകിയതിനുമുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 1,90,19,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-87-സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ

450 ഓളം സബോർഡിനേറ്റ് കോടതികളുടെ സുഗമമായ പ്രവർത്തനത്തിനായി, കമ്പ്യൂട്ടർ വാങ്ങുന്നതിലേയ്ക്ക് 3,23,54,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണ മെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-93- സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വകയിരുത്തുന്ന മൊത്തം തുക.

06 - വാടക - കരം - നികുതി

200 ൽ അധികം ജുഡീഷ്യൽ ഓഫീസർമാർ വാടക വീട്ടുകളിലാണ് താമസിക്കുന്നത്. ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിലെ വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും 64,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന - XXIII

2220-01-001-95- <u>ന്യൂസ് ഗ്രിഡിന്റെ സംയോജിത വികസന പദ്ധതി</u>

നടപ്പുവർഷം എല്ലാ ബ്ലോക്കുകളിലേയ്ക്കും നഗരസഭകളിലേയ്ക്കും കോർപ്പറേഷനുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും PRISM (Public Relations, Information and Service Management) എന്ന പേരിൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നതിനാൽ ഇതിലേയ്ക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്നു സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 80,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-01-001-98- <u>ജില്ലാപ്രചരണ ഓഫീസുകൾ</u>

21-2- <u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ജില്ലാപ്രചരണഓഫീസുകളിലെ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 3,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-01-001-99- <u>പബ്ലിക്ക് റിലേഷൻസ് ഡയറക്ടറേറ്റ്</u>

96. ഈ ശീർഷകത്തിൻകീഴിൽ യാത്രാബത്ത, മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും, വാഹനങ്ങൾക്കുള്ള ഇന്ധനച്ചെലവ്, എന്നീയിനങ്ങളിൽ

അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, 04-01-യാത്രാബത്ത, 21-2 മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും, 45-പി.ഒ.എൽ എന്നീ ശീർഷകങ്ങളിലായി യഥാക്രമം 3,00,000 രൂപ, 1,75,000 രൂപ, 1,00,000 രൂപ എന്നിങ്ങനെ തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-01-001-99-21-1- <u>മോട്ടോർ വാഹനങ്ങൾ വാങ്ങൽ</u>

2220-01-001-98-21-1- <u>മോട്ടോർ വാഹനങ്ങൾ വാങ്ങൽ</u>

പബ്ലിക്ക് റിലേഷൻസ് ഡയറക്ടറേറ്റിലും വകുപ്പിന്റെ അഞ്ചു ജില്ലാ ഓഫീസുകളിലും ആറു മേഖലാഓഫീസുകളിലും 12 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളാണുള്ളതെന്നും ഇവ മാറ്റിവാങ്ങേണ്ടതുണ്ടെന്നും സമിതിയിൽ വെളിവാക്കപ്പെട്ടു. ഇത്തരത്തിലുള്ള ജില്ലാ ഓഫീസുകളിലെ 5 വാഹനങ്ങൾക്കും മേഖലാ ഓഫീസുകളിലെ 6 വാഹനങ്ങൾക്കും ഡയറക്ടറേറ്റിലെ 4 വാഹനങ്ങൾക്കും പകരമായി പുതിയവ വാങ്ങുന്നതിന് മേൽ ശീർഷകങ്ങളിലായി 1,25,00,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-101-96- <u>വജ്രകേരളം</u>

കേരളപ്പിറവിയുടെ 60-ാം വാർഷികം സമുചിതമായി ആഘോഷിക്കുന്നതിനാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. ആഘോഷത്തിന്റെ ഭാഗമായി സെമിനാറുകൾ, പ്രദർശനങ്ങൾ, പ്രത്യേകം തയ്യാറാക്കിയ സാംസ്കാരിക പരിപാടികൾ, ദൃശ്യ ശ്രാവ്യ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ല എന്നു സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 50,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-101-97-01- <u>പരസ്യത്തിനുള്ള ചെലവുകൾ - അച്ചടി മാധ്യമം</u>

വികസന പദ്ധതികളുടെ പരസ്യപ്രചരണത്തിൽ ചെലവ് ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതിനാലും മുൻ വർഷം ഈ ശീർഷകത്തിൽ 13 കോടി രൂപയുടെ ചെലവ് വന്നിട്ടുള്ളതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 5,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-101-98- <u>പ്രചരണസാമഗ്രികൾ</u>

ജനപഥം, കേരള കോളിങ് ഫോൾഡർ, പോസ്റ്റർ, ലഘുലേഖകൾ, വികസന സമന്വയം എന്നീ പ്രചരണ സാമഗ്രികളുടെ അച്ചടി, രൂപകല്പന, വിതരണം തുടങ്ങിയവയുടെ ചെലവിനും നടപ്പുസാമ്പത്തിക വർഷം വികസന സമന്വയം എന്ന ടാബ്ലോയിഡ് പത്രം മാസത്തിൽ രണ്ടു പകർപ്പുകളായി 15 ലക്ഷം കോപ്പി അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള ചെലവിനുമായി നിലവിലെ വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുകയും 14,00,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2220-60-101-99- <u>പരസ്യവും ദൃശ്യ പ്രചരണവും</u>

സർക്കാരിന്റെ ക്ഷേമ-വികസന പ്രവർത്തനങ്ങളെക്കുറിച്ച് ദിനപത്രങ്ങളിലൂടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെയും പ്രദർശന പരസ്യങ്ങൾ വഴി പൊതു ജനങ്ങളിലെത്തിക്കുന്നതിനും വകുപ്പിന്റെ പരസ്യവിഭാഗം ആധുനികവൽക്കരിക്കുന്ന-തുൾപ്പെടെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-106-97- <u>അന്തർ സംസ്ഥാന പൊതുജന സമ്പർക്കം</u>

സംസ്ഥാനത്തെ മികച്ച വികസന മാതൃകകൾ ഇതര സംസ്ഥാനങ്ങളിലെ ജനങ്ങളെ പരിചയപ്പെടുത്തുന്നതിനും സംസ്ഥാനത്തിനു പുറത്ത് മെട്രോ നഗരങ്ങളിൽ

പത്രപ്രവർത്തകരുടെ സമ്മേളനങ്ങൾ, പ്രദർശനങ്ങൾ, സാംസ്കാരിക പരിപാടികൾ, വ്യാപാരമേളകൾ തുടങ്ങിയവ സംഘടിപ്പിക്കാനും കൂടാതെ സംസ്ഥാനത്തെ വികസനത്തെപ്പറ്റി പഠിക്കുന്നതിനായി അന്യ സംസ്ഥാന-വിദേശ അച്ചടി-ദൃശ്യ-ശ്രാവ്യ-മാധ്യമ പ്രവർത്തകരെ ക്ഷണിക്കുന്നതിനും ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നു. ഇതിലേയ്ക്ക് നടപ്പുസാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 25,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-110-99- പുസ്തക പ്രസിദ്ധീകരണം

ജില്ലാ ഹാന്റ് ബുക്കുകളുടെ പുന:പ്രസിദ്ധീകരണം, മീഡിയ ഹാന്റ് ബുക്ക്, കേരള ആൻ ഓതന്റിക് ഹാന്റ് ബുക്ക്, ഹെറിറ്റേജ് ഓഫ് കേരള സീരീസ് പ്രസിദ്ധീകരണങ്ങൾ, മറ്റു വൈജ്ഞാനിക ഗ്രന്ഥങ്ങൾ എന്നിവയുടെ പ്രസിദ്ധീകരണത്തിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-81- കേരള സംസ്ഥാന നോൺ-ജേർണലിസ്റ്റ് പെൻഷൻ സ്കീം

സംസ്ഥാനത്തുനിന്ന് പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിൽ പത്രപ്രവർത്തകർ ഒഴികെയുള്ള തസ്തികകളിൽ ജോലി ചെയ്ത് വിരമിക്കുന്നവർക്ക് പെൻഷൻ നൽകുന്ന ഈ ക്ഷേമ പദ്ധതിയിൽ പ്രതിമാസം 30 ലക്ഷം രൂപയുടെ ചെലവ് ഉണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. മുൻ സാമ്പത്തിക വർഷത്തെ 1,09,99,000 രൂപയുടെ കുടിശ്ശികയുൾപ്പെടെ നൽകുന്നതിലേയ്ക്ക് ഈ ശീർഷകത്തിൽ 300,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന - XXIV

2230 - <u>തൊഴിലും തൊഴിൽ സൗകര്യങ്ങളും</u>

2230-01-103-11 : <u>മടങ്ങിവന്ന കുടിയേറ്റക്കാരുടെ പുനരധിവാസം</u>

നോർക്ക വകുപ്പിന്റെ കീഴിലെ പദ്ധതികൾ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള ഇരുപതിനായിരത്തിലധികം അപേക്ഷകർക്ക് മൂലധന സബ്സിഡി നൽകുന്നതിന് 20,00,00,000/- രൂപയുടെ ചെലവും സൗദിയിലെ നിതാഖത്ത് നിയമം, ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്ക്കരണം എന്നിവയുടെ പശ്ചാത്തലത്തിൽ സമഗ്രപുനരധിവാസ പദ്ധതി നടപ്പാക്കുന്നതിന് 30,00,00,000/- രൂപയുടെ ചെലവും ഉണ്ടാകുമെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 6,25,00,000/- രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-39 : <u>നോർക്ക വകുപ്പിനു കീഴിലുള്ള സാന്ത്വന പദ്ധതി</u>

മുൻ സാമ്പത്തിക വർഷം സർക്കാർ <u>ഉത്തരവായിട്ടുള്ള</u> ധനസഹായത്തിൽ ഫണ്ടിന്റെ അപര്യാപ്തതയിൽ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്ത 7.5 കോടിയോളം രൂപ നൽകുന്നതിനും നടപ്പ് സാമ്പത്തിക വർഷത്തെ ധനസഹായ വിതരണത്തിന്റെ ചെലവു കൂടി കണക്കിലെടുത്തും ഈ ശീർഷകത്തിൽ 12,00,00,000/- രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-40 : <u>പ്രവാസി മലയാളികളുടെ നൈപുണ്യം മെച്ചപ്പെടുത്തലും പുന:സംയോജന പരിശീലനവും</u>

സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനായുള്ള സാങ്കേതിക പരിശീലനം നൽകുന്നതിനും ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനും വിദേശരാജ്യങ്ങളിലെ തൊഴിൽ മേഖലകളിൽ സാധ്യതകൾ കണ്ടെത്തുന്നതിന് ഉതകുന്ന ലഘു കോഴ്സുകൾ ക്രമീകരിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ <u>ഈ</u> ശീർഷകത്തിൽ 1,00,00,000/- രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-43 : <u>പ്രവാസിക്ഷേമനിധി</u>

അംഗങ്ങളുടെ അംശദായത്തിന് ആനുപാതികമായ സർക്കാർ വിഹിതം അടയ്ക്കുന്നതിന് ഈ തുക പര്യാപ്തമല്ലാത്തതിനാൽ 99,00,000/- രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-54 : <u>പ്രവാസി മലയാളികളെക്കുറിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള സർവ്വേ</u>

ലോകത്തിലെ വിവിധ രാജ്യങ്ങളിലെ ശാസ്ത്രസാങ്കേതിക വ്യാവസായിക വിദ്യാഭ്യാസ മേഖലകളിലും മറ്റു വിദഗ്ദ്ധ മേഖലകളിലും ഉയർന്ന സ്ഥാനങ്ങൾ അലങ്കരിക്കുന്ന പ്രവാസികേരളീയരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിലൂടെ മനുഷ്യ വിഭവശേഷിയുടെ സ്വരൂപിക്കലിനും അവരുടെ അറിവും അനുഭവവും സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയുക്തപ്പെടുത്താനും കഴിയുമെന്ന് സമിതി വിലയിരുത്തി. പ്രവാസികളുടെ ഡേറ്റാബേസ് കാലികമാക്കുന്നതിനും പൂർത്തിയാക്കുന്നതിനുമായി 25,00,000/- രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-67 : <u>പ്രവാസി മലയാളി ക്ഷേമ വകുപ്പ്</u>

വകുപ്പിലെ ഡ്രൈവർമാരുടെ വേതനം നൽകുന്നതിനായി വേതനം എന്നയിനത്തിൽ അനുവദിച്ച തുകയും വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും വാഹനങ്ങളുടെ ഇന്ധനച്ചെലവിനും അനുവദിച്ച തുകയും മുൻ വർഷത്തിലേതിന് ആനുപാതികമല്ലായെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 02-വേതനം എന്നയിനത്തിൽ 2,25,000/- രൂപയും 21-2 മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നയിനത്തിൽ 60,000/- രൂപയും, 45-പി.ഒ.എൽ. എന്നയിനത്തിൽ 2,50,000/- രൂപയും കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-74 : പ്രവാസി മലയാളികളെ അടിയന്തര സാഹചര്യത്തിൽ തിരിച്ച കൊണ്ടുവരാനുള്ള നിധി

ഗൾഫ് രാജ്യങ്ങളിലും മറ്റു വിദേശരാജ്യങ്ങളിലും നിലവിൽ വന്ന സ്വദേശിവൽക്കരണ നിയമങ്ങൾ, തൊഴിൽ അരക്ഷിതാവസ്ഥ, ആഭ്യന്തര കലാപങ്ങൾ തുടങ്ങിയവ കൂടുതൽ പ്രവാസി മലയാളികളെ മടങ്ങി വരാൻ നിർബന്ധിതരാക്കുന്നുവെന്ന് സമിതി നിരീക്ഷിച്ചു. ഈ സാഹചര്യത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം തീരെ പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 50,00,000/- രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-81 : സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശമലയാളികളെ ആകർഷിക്കൽ

കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളുമുൾപ്പെടെ വിവിധ രാജ്യങ്ങളിൽ പ്രവാസിമലയാളികൾക്കും ഇന്ത്യൻ വംശജർക്കും അവരുടെ അനുഭവങ്ങളിലൂടെ പങ്കുവയ്ക്കുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ നിക്ഷേപ താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കാനും ഉദ്ദേശിച്ചുകൊണ്ട് യോഗങ്ങളും സെമിനാറുകളും സംഘടിപ്പിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യാവസായിക മേഖലയ്ക്ക് ഉണർവ്വേകുമെന്നും സമിതി വിലയിരുത്തപ്പെട്ടു. മേൽപരാമർശിച്ച പ്രകാരമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 50,00,000/- രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4250-00-201-94 : നോർക്ക സെന്റർ കെട്ടിടം നിർമ്മിക്കൽ

നോർക്ക സെന്റർ കെട്ടിടത്തിൽ ആഡിറ്റോറിയം നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ 1,00,00,000/- രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XIV

2058- സ്റ്റേഷനറിയും അച്ചടിയും

2058-00-001-99- ഭരണവും നടത്തിപ്പും - നടത്തിപ്പ്

ഈ ശീർഷകത്തിൻ കീഴിലുള്ള 02 - വേതനം, 06 - വാടക, കരം, നികുതി, 21 - വാഹനം വാങ്ങൽ - സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീയിനങ്ങളിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതിയ്ക്ക് ബോധ്യമായി. ആയതിനാൽ 02 - വേതനം എന്ന ഇനത്തിൽ 10,00,000 രൂപയും 06 - വാടക, കരം, നികുതി എന്ന ഇനത്തിൽ 2,50,000 രൂപയും 21 - 2 മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപണികളും എന്ന ശീർഷകത്തിൽ 2,92,000 രൂപയും കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21 - 1 - മോട്ടോർവാഹനങ്ങൾ - വാഹനം വാങ്ങൽ

സ്റ്റേഷനറി വകുപ്പിന് ഒരു പുതിയ കാർ വാങ്ങുന്നതിലേയ്ക്ക് 8,00,000 രൂപ ഈ ഇനത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2058-00-101-99- സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

ഈ ശീർഷകത്തിൻ കീഴിൽ താഴെപ്പറയുന്ന ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി.

18 - സംരക്ഷണം

വകുപ്പിൽ സ്ഥാപിച്ചിട്ടുള്ള വെയ്ബ്രിഡ്ജ്, കമ്പ്യൂട്ടറുകൾ, ഇ.പി.എ.ബി.എക്സ്, പേപ്പർ ടെസ്റ്റിംഗ് ലാബ് എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഇതിലേയ്ക്ക് 1,50,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

19 - യന്ത്രോപകരണങ്ങൾ

വിവിധ ഓഫീസുകൾക്ക് ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ ഇലക്ട്രോണിക് വെയിംഗ് ബാലൻസ് എന്നിവ വാങ്ങി നൽകേണ്ടതായുള്ളതിനാൽ ഈ ശീർഷകത്തിൽ 17,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

24 - സാധനസമഗ്രികൾ

2014 - 15 സാമ്പത്തിക വർഷത്തെ കുടിശ്ശിക തീർക്കുന്നതിനും ഗവ. പ്രസ്സുകൾക്ക് അച്ചടിക്കും സർക്കാർ ആഫീസുകൾക്ക് ആവശ്യമുള്ള വിവിധതരം പേപ്പറുകളും സ്റ്റേഷനറി സാധനങ്ങളും വാങ്ങി നൽകുന്നതിനുമായി നിലവിലെ ബഡ്ജറ്റ് പര്യാപ്തമല്ലാ ത്തതിനാൽ ഈ ശീർഷകത്തിൽ 25,50,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4058-00-800-97- യൂണിറ്റ് ആഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ

കോഴിക്കോട് മേഖലാസ്റ്റേഷനറി ആഫീസിനും വയനാട് ജില്ലാ സ്റ്റേഷനറി ആഫീസിനും പുതിയ കെട്ടിടങ്ങൾ പണിയുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,03,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2058-00-001-92- സ്റ്റേഷനറി വകുപ്പിന്റെ ആധുനിക വൽക്കരണം

പേപ്പർ ടെസ്റ്റിംഗ് ലാബിന് ആവശ്യമായ ബെന്റിംഗ് സ്റ്റിഫ്നസ്സ് ടെസ്റ്റർ (Bending Stiffness Tester) വാങ്ങുന്നതിന് 25 ലക്ഷം രൂപയും കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി പുതിയ മെഷീനുകളും പ്രിന്ററുകളും വാങ്ങുന്നതിന് 8.6 ലക്ഷം രൂപയും ഉൾപ്പെടെ 33.6 ലക്ഷം രൂപ വകുപ്പ് ആവശ്യപ്പെട്ടതിൽ 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ കമ്പ്യൂട്ടറൈസേഷന്റെ പൂർത്തീകരണത്തിനായി വകുപ്പ് ആവശ്യപ്പെട്ട 8,60,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-003-97 - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

35 - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36 - സഹായധനം - ശമ്പളേതരം

ഐ.എം.ജി, തിരുവനന്തപുരം ബാർട്ടൻ ഹിൽ കാമ്പസിൽ എക്സിക്യൂട്ടീവ് ഹോസ്പിറ്റലിന്റെ ഫർണിഷിംഗിന് ആവശ്യമായ തുക, കൊച്ചി, കോഴിക്കോട് റീജിയണൽ സെന്ററുകളിലെ മൂലധന ചെലവുകൾക്കായുള്ള തുക, കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിലെ ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള തുക എന്നിവയ്ക്ക് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 17,90,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

31 - സഹായധനം - ശമ്പളം

യു.ജി.സി. നടപ്പിലാക്കിയ ജീവനക്കാർക്കുള്ള കുടിശ്ശിക തുക നൽകുമ്പോൾ വരുന്ന അധിക ബാധ്യത കൂടിയുള്ളതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമാകുകയില്ലാത്തതിനാൽ 6,42,92,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-119-98- ഔദ്യോഗിക ഭാഷാകമ്മീഷൻ

ഔദ്യോഗികഭാഷാ കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് 02 - വേതനം, 05 - 2 വൈദ്യുതച്ചെലവ്, 05 - 4 മറ്റിനങ്ങൾ, 06 - വാടക, കരം, നികുതി എന്നീ ശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ 02 - വേതനം എന്ന ശീർഷകത്തിൽ 20,00,00,000 രൂപയും 05 - 2 വൈദ്യുതച്ചെലവ് എന്ന ശീർഷകത്തിൽ 1,50,00,000 രൂപയും 05 - 4 മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 30,00,00,000 രൂപയും 06 -വാടക, കരം,നികുതി എന്ന ശീർഷകത്തിൽ 31,55,80,000 രൂപയും കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

26 - ഔദ്യോഗിക ഭാഷാപ്രയോഗം

വകുപ്പിന്റെ ഭാഷാപരിപോഷണ പ്രവർത്തനങ്ങൾക്ക് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഇതിലേയ്ക്ക് 1,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

II സമിതി താഴെപ്പറയുന്ന കരട് ചട്ടം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (....... ഭേദഗതി) റൂൾസ്, 2015

(ഫ. നം.1152/സബ്.സി.ഡി2/15/നി.സെ.)

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു.

## 28.04.2015 ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയ നിർണ്ണയ സമിതിയുടെ ഒരു യോഗം 2015 ഏപ്രിൽ 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് നിയമസഭാ സമുച്ചയത്തിലെ V-D സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രിയുമായ ശ്രീ. രമേശ് ചെന്നിത്തലയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രത്യേക ക്ഷണിതാവായ ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിയും താഴെപ്പറയുന്ന സമിതിയംഗങ്ങളും യോഗത്തിൽ ഹാജരായിരുന്നു.

1. ശ്രീ. റ്റി.എ. അഹമ്മദ് കബീർ, എം. എൽ. എ.
2. ശ്രീ. ബെന്നി ബെഹനാൻ, എം. എൽ. എ.
3. ശ്രീ. പി. സി. ജോർജ്, എം. എൽ. എ.

## നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി പി. കെ. ഗിരിജ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഡി. ഡി. ഗോഡ്ഫ്രീ, അണ്ടർ സെക്രട്ടറി

## ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി, അഭ്യന്തരവും വിജിലൻസും വകുപ്പ് & ഇലക്ഷൻ വകുപ്പ്.
2. ശ്രീ. കെ. എസ്.ബാലസുബ്രമഹ്ണ്യൻ, ഡയറക്ടർ ജനറൽ ഓഫ് പോലീസ്.
3. ശ്രീ. ടി.പി.സെൻകുമാർ, ഡയറക്ടർ ജനറൽ ഓഫ് പോലീസ്,ജയിൽ വകുപ്പ്.
4. ശ്രീ. വിൽസൺ എം. പോൾ, ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ.
5. ശ്രീ. ലോകനാഥ് ബെഹ്റ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്.
6. ശ്രീ. പി. വിജയാനന്ദ്, അഡീഷണൽ ഡയറക്ടർ ജനറൽ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്.
7. ശ്രീ. ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
8. ഡോ. എൻ. ജയശ്രീ, ചീഫ് കെമിക്കൽ എക്സാമിനർ.
9. ഡോ. പി. നസീർ, ഡയറക്ടർ , ന്യൂനപക്ഷക്ഷേമ വകുപ്പ്.
10. ശ്രീ. ഫിന്നി സഖറിയ, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

സമിതി, 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ IV, XII, XIII, XIV, XXV എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ ശീർഷകങ്ങൾ പരിഗണിയ്ക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ IV - തെരഞ്ഞെടുപ്പുകൾ

### 2015 - 00 - 101 - 99 - സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

2015-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതു തെരഞ്ഞെടുപ്പ് നടത്തുന്നതിനാൽ ഈ ശീർഷകത്തിലെ താഴെപ്പറയുന്ന ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഓരോ ഇനത്തിലും താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

02 - വേതനം : 2,50,000 രൂപ.

04-1- യാത്രാബത്ത : 24,00,000 രൂപ

04-4- അവധി യാത്രാനുകൂല്യം : 3,70,000 രൂപ

05-4- ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ 10,00,000 രൂപ

21-2 - മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും : 2,00,000 രൂപ

45- പി.ഒ.എൽ : 2,70,000 രൂപ

## 21-1 മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ടും സംസ്ഥാനത്തുടനീളം യാത്രകൾ നടത്തേണ്ടതായിട്ടുള്ളതായി സമിതി വിലയിരുത്തി. കമ്മീഷണർ നിലവിൽ ഉപയോഗിച്ചുവരുന്ന വാഹനം കാലപ്പഴക്കത്താൽ ഉപയോഗയോഗ്യമല്ലാത്തതിനാൽ പ്രസ്തുത വാഹനം കണ്ടം ചെയ്ത് പുതിയ കാർ വാങ്ങുന്നതിനായി മേൽ ശീർഷകത്തിൽ 20,00,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2015-00-103-99 - സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിയും - നിയമസഭയും പാർലമെന്റും

2015-16 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പ് 50,04,54,000 രൂപയുടെ നിർദ്ദേശങ്ങളാണ് നൽകിയിരുന്നത്. മുൻ സാമ്പത്തിക വർഷത്തിൽ ബൂത്ത് ലെവൽ ഓഫീസർമാർക്ക് നൽകേണ്ട വാർഷിക പ്രതിഫലം ഫണ്ടിന്റെ അഭാവത്തിൽ നൽകാൻ സാധിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ 15,42,53,000 രൂപയുടെ ബാധ്യത നിലനിൽക്കുന്നതായും കൂടാതെ, ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റത്തിന് ഈ വർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡേറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുമായി അധികച്ചെലവ് പ്രതീക്ഷിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ട 50,04,54,000 രൂപയിൽ ശേഷിക്കുന്ന 21,78,84,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2015-00-105-99 - **പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുപ്പുകൾ നടത്താനുള്ള ചെലവ് - ലോക്സഭ**

2014 ലെ ലോക്സഭാ ഇലക്ഷനുമായും പാർലമെന്റ് തെരഞ്ഞെടുപ്പുമായും ബന്ധപ്പെട്ട ക്ലെയിമുകൾ തീർപ്പാക്കുന്നതിലേയ്ക്ക് ഈ ശീർഷകത്തിൽ 1,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2015-00-106-99 - **സംസ്ഥാന കേന്ദ്രഭരണപ്രദേശ നിയമസഭകളിലേയ്ക്ക് തെരെഞ്ഞെടുപ്പുകൾ നടത്തുന്നതിനുള്ള ചെലവ്**

അരുവിക്കര നിയോജക മണ്ഡലത്തിലെ ഉപ തെരഞ്ഞെടുപ്പ് നടത്തേണ്ടതിനും 2016 ലെ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രാരംഭച്ചെലവി നുമായി 3,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2015-00-108-99-** **സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നതിന്**

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം നടത്തിവരുന്ന നാഷണൽ ഇലക്ടറൽ റോൾ പ്യൂരിഫിക്കേഷൻ ആന്റ് ഓതന്റിക്കേഷൻ പ്രോഗ്രാം (NERPAP) പ്രകാരം ഇലക്ടറൽ റോളിന്റെ ശുദ്ധീകരണ പ്രക്രിയയും സമ്മതിദായകർക്ക് ഫോട്ടോ പതിച്ച പ്ലാസ്റ്റിക് ഇലക്ടറൽ തിരിച്ചറിയൽ കാർഡ് വിതരണവും നടന്നുവരുന്നതായി സമിതി വിലയിരുത്തി. നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 12,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2015-00-109-99- **പഞ്ചായത്തുകളിലേയ്ക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും തെരഞ്ഞെടുപ്പുകൾ - നടത്തിപ്പ്**

34 - **മറ്റു ചെലവുകൾ**

സംസ്ഥാനത്തെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും പുതുതായി രൂപീകരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും

2015-ാമാണ്ടിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതുണ്ട്. പ്രസ്തുത തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെ വിവിധ ചെലവുകൾ വഹിക്കുന്നതിലേയ്ക്ക് അനുവദിച്ച 70 കോടി രൂപ പര്യാപ്തമല്ലായെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ സംസ്ഥാനത്തെ 1400 ഓളം വരുന്ന ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷൻ എന്നിവയിൽ പൊതുതെരഞ്ഞെടുപ്പ് സുഗമമായി നടത്തുന്നതിനായി ഈ ശീർഷകത്തിൽ 40,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2015-00-110-99- <u>സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ</u>

2015 ലെ പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തുന്നതിനായാണ് 5.01.2015 ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി നടപ്പുവർഷം വെറും 5,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇത് തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലെ ഉപശീർഷകങ്ങളിൽ ചുവടെപറയും പ്രകാരം തുക അധികം ചേർത്ത് ആകെ 40,10,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

| | | |
|---|---|---|
| 01 - ശമ്പളം | - | 18,00,000 രൂപ |
| 02 - വേതനം | - | 4,00,000 രൂപ |
| 04 - യാത്രാച്ചെലവുകൾ | - | 2,00,000 രൂപ |
| 05 - ഓഫീസ് ചെലവുകൾ | | |
| 1- വെള്ളക്കരം | - | 10,000 രൂപ |
| 2 - വൈദ്യുതി ചെലവ് | - | 50,000 രൂപ |
| 3 - ടെലഫോൺ ചെലവ് | - | 50,000 രൂപ |
| 4 - മറ്റിനങ്ങൾ | - | 4,00,000 രൂപ |
| 06 - വാടക, കരം, നികുതി | - | 4,00,000 രൂപ |
| 34 - മറ്റു ചെലവുകൾ | - | 6,00,000 രൂപ |
| 45 - പി. ഒ. എൽ. | - | 1,00,000 രൂപ |
| **ആകെ** | | **40,10,000 രൂപ** |

# ധനാഭ്യർത്ഥന നമ്പർ XII - പോലീസ്

## 2055 - പോലീസ്

2015 - 16 സാമ്പത്തിക വർഷത്തെ ബജറ്റിൽ പോലീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി വിവിധ മൈനർ ഹെഡുകളിലായി ആകെ 2961.6372 കോടി രൂപ പദ്ധതിയേതര ഇനത്തിലും 57.00 കോടി രൂപ പദ്ധതി ഇനത്തിലും വകയിരുത്തിയിട്ടുണ്ട്. പദ്ധതിയേതര ഇനത്തിൽ വിവിധ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് 02- വേതനം -2,49,82,000 രൂപ, 04 - 1 - യാത്രാബത്ത -17,65,36,000 രൂപ, 05-4 - മറ്റിനങ്ങൾ - 2,06,98,000 രൂപ, 12 - സ്കോളർഷിപ്പും സ്റ്റൈപന്റും -4,65,00,000 രൂപ, 17 - ചെറുകിട മരാമത്ത് പണികൾ - 26,90,000 രൂപ, 21-2 വാഹനങ്ങളുടെ അറ്റകുറ്റപ്പണി 1,98,65,000 രൂപ, 34 - മറ്റ് ചെലവുകൾ - 3,10,27,000 രൂപ, പി.ഒ.എൽ - 19,35,14,000 രൂപ എന്നിങ്ങനെ ഓരോ കണക്കിനത്തിലും തുക അധികം അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 4055-00-207-96- പുതിയ പോലീസ് സ്റ്റേഷനുകൾ

ഈ ശീർഷകത്തിൽ 1,000 രൂപ മാത്രമാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ച തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി കേന്ദ്രമായുള്ള പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി 67,36,406 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 4055-00-800-94- പോലീസ് സ്റ്റേഷനുകളും ക്വാർട്ടേഴ്സുകളും മറ്റ് കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് വസ്തു വാങ്ങൽ

ഈ ശീർഷകത്തിൽ 1,000 രൂപ മാത്രമാണ് നടപ്പു സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. കണ്ണവം, മുഴിയാർ പോലീസ് സ്റ്റേഷനുകളുടെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് യഥാക്രമം 6,62,253 രൂപ 7,73,142 രൂപ വനം വകുപ്പ്, കെ.എസ്.ഇ.ബി. എന്നിവയ്ക്ക് നൽകാനുള്ളതിനാൽ പ്രസ്തുത തുകകൾ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2062-00-103-99 - കേരള ലോകായുക്ത

ഈ ശീർഷകത്തിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വേതനം, യാത്രാബത്ത, സ്ഥലം മാറ്റബത്ത, വൈദ്യുതി ചാർജ്, മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റ് ചെലവുകൾ, പി.ഒ.എൽ എന്നീ കണക്കിനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. ആയതിനാൽ ഈ കണക്കിനങ്ങളിൽ താഴെപ്പറയും പ്രകാരം അധികമായി തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

| | |
|---|---|
| 01 - 4 - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | - 2,30,000 രൂപ |
| 02 - വേതനം | - 5,00,000 രൂപ |
| 04 - 1 - യാത്രാബത്ത | - 1,00,000 രൂപ |
| 04 - 2 - സ്ഥലംമാറ്റ ബത്ത | - 1,90,000 രൂപ |
| 05 - 2 - വൈദ്യുതിചാർജ് | - 1,20,000 രൂപ |
| 21 - 2 - സംരക്ഷണവും അറ്റകുറ്റപ്പണികളും | - 2,36,000 രൂപ |
| 34 - മറ്റ് ചെലവുകൾ | - 1,00,000 രൂപ |
| 45 - പി. ഒ. എൽ. | - 2,00,000 രൂപ |

### 05 - 4 - മറ്റിനങ്ങൾ

2015-16 വർഷത്തേയ്ക്ക് ഈ ശീർഷകത്തിൽ 25,00,000 രൂപ ആവശ്യപ്പെട്ടതിൽ 6 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും പുതുതായി സ്ഥാനമേൽക്കുന്ന ഉപലോകായുക്തയുടെ ഔദ്യോഗിക വസതി നവീകരിക്കുന്നതിന് 3,00,000 രൂപയുടെ ചെലവും ഹോം ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിന് 1,80,000 രൂപയുടെ ചെലവും ലോകായുക്തയുടെയും ഉപലോകായുക്തയുടെയും ഓഫീസ് മുറികളിലെ ശീതീകരണ യന്ത്രങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനായി 3,25,000 രൂപയുടെ ചെലവും കോടതിയുടെ ഡയസ് നവീകരിക്കുന്നതിനായി 5,00,000 രൂപയുടെ ചെലവും ഓഫീസ് കെട്ടിടം വാടക കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് 7,00,000 രൂപയുടെ ചെലവും നടപ്പു സാമ്പത്തിക വർഷം ഉണ്ടാകുമെന്നും മനസ്സിലാക്കിയ സമിതി, 19,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## 06 - വാടക, കരം, നികതി

ലോകായുക്ത, രജിസ്ട്രാർ എന്നിവരുടെ ഔദ്യോഗിക വസതികൾക്ക് പ്രതിമാസ വാടക യഥാക്രമം 29,000 രൂപ 16,750 രൂപ എന്നിവയുടെ ചെലവും ഓഫീസ് കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് പ്രതിമാസം 3,00,000 രൂപയുടെ ചെലവും പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 41,49,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## 21-1 മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ

നടപ്പുവർഷം ബജറ്റ് വിഹിതമായി തുകയൊന്നും അനുവദിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ പോലീസ് ഉദ്യോഗസ്ഥർ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന മഹീന്ദ്ര ജീപ്പിന്റെ കാലാവധി കഴിഞ്ഞതിനാൽ പുതിയ വാഹനം വാങ്ങുന്നതിനായി 8,00,000 രൂപയും ലോകായുക്തയുടെ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന് ഔദ്യോഗിക വാഹനം വാങ്ങുന്നതിനായി 15,00,000 രൂപയും വിവിധ ജില്ലകളിലെ ക്യാമ്പ് സിറ്റിംഗിനായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് യാത്ര ചെയ്യുന്നതിന് ഒരു പുതിയ വാഹനം വാങ്ങുന്നതിനായി 8,00,000 രൂപയും കേരള ലോകായുക്ത രജിസ്ട്രാർ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന അംബാസഡർ കാർ പഴക്കം ചെന്നതിനാൽ ദൈനംദിനാവശ്യത്തിന് ഒരു സ്വിഫ്റ്റ് ഡിസയർ കാർ വാങ്ങുന്നതിന് 8,00,000 രൂപയും ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ പ്രസ്തുത ആവശ്യങ്ങളിലേയ്ക്ക് ആകെ 39,00,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

## 2062-00-104-99 - വിജിലൻസ്

### 04 -1 - യാത്രാബത്ത

മുൻ വർഷത്തെ യാത്രാബത്ത കുടിശ്ശിക നൽകാനുള്ളതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 90,00,000 രൂപ പര്യാപ്തമാകുകയില്ലായെന്ന് സമിതി നിരീക്ഷിക്കുകയും ഈ ശീർഷകത്തിൽ 20,00,000 രൂപ കൂടി അനുവദിക്കണ മെന്ന് ശിപാർശ ചെയ്യാൻ തീരുമാനിയ്ക്കുകയും ചെയ്തു.

**04-4 - അവധിയാത്രാനുകൂല്യം**

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 5,02,000 രൂപ തികച്ചും അപര്യാപ്തമായതിനാൽ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**05 - 4 - മറ്റിനങ്ങൾ**

വിജിലൻസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസിനും ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനുമായി അധിക തുക ആവശ്യമായി വരുന്നതിനാൽ ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**06 - വാടക - കരം - നികുതി**

സ്പെഷ്യൽ സെൽ, എറണാകുളം, പത്തനംതിട്ട, പാലക്കാട്, വയനാട് കണ്ണൂർ എന്നീ ഓഫീസുകളുടെ കുടിശ്ശിക നൽകാനുള്ളതും മുൻവർഷം 10 ലക്ഷം രൂപ റീഅപ്രോപ്രിയേറ്റ് ചെയ്ത് ചെലവഴിച്ചതും കണക്കിലെടുത്ത്, 10,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**15 - രഹസ്യസേവന ചെലവുകൾ**

വിജിലൻസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇന്റലിജൻസ് ശേഖരിക്കുന്നതിനും അടിയന്തരവും മറ്റ് ശീർഷകങ്ങളിൽ നിന്ന് ചെലവഴിക്കാൻ സാധിക്കാത്തതുമായ വിജിലൻസ് അന്വേഷണം/വിജിലൻസ് കേസ് അന്വേഷണം എന്നിവയ്ക്ക് രഹസ്യസേവന ചെലവുകൾ ആവശ്യമായി വരുന്നു. വിജിലൻസിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062-00-105-94 - **എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ് കോട്ടയം**

ഓഫീസ് കെട്ടിട വാടകയും വാടക കുടിശ്ശികയും ജഡ്ജിയുടെ ഔദ്യോഗിക വസതിയുടെ വാടകയും കൂടി 7,60,000 രൂപയുടെ ചെലവ് നടപ്പ് സാമ്പത്തിക വർഷം

പ്രതീക്ഷിക്കുന്നതായി വിലയിരുത്തിയ സമിതി, ഈ ഇനത്തിൽ അനുവദിച്ച 3,60,000 രൂപയ്ക്ക് പുറമേ 4,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കൂടാതെ സ്ഥലംമാറ്റബത്തയിനത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്ത തിനാൽ പ്രസ്തുത ഇനത്തിൽ 1,00,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2062-00-105-95 - എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട്

പുതുതായി ചുമതലയേൽക്കുന്ന ജഡ്ജിയുടെ താമസസൗകര്യത്തിനും, കെട്ടിട ഉടമയ്ക്ക് വാടക പുതുക്കി നൽകുന്നതിനും പുതിയ ജഡ്ജിയ്ക്ക് സ്ഥലംമാറ്റ ബത്ത നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൻ കീഴിൽ വിവിധ ഇനങ്ങളിലായി അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ 01-ശമ്പളം ഇനത്തിൽ 3,00,000 രൂപയും 02 - വേതനം ഇനത്തിൽ 50,000 രൂപയും, 04(2) സ്ഥലം മാറ്റബത്ത ഇനത്തിൽ 1,00,000 രൂപയും 06-വാടക, കരം, നികുതി ഇനത്തിൽ 6,75,000 രൂപയും (കെട്ടിട വാടകയ്ക്ക് 2,00,000 രൂപയും കെട്ടിട വാടക പുതുക്കുന്നതിലേയ്ക്ക് 4,75,000 രൂപയും) ചേർത്ത് ആകെ 11,25,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2206 2062-00-105-96 <u>എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽജഡ്ജ്, തിരുവനന്തപുരം</u>

99 - <u>വിവരസാങ്കേതിക വിദ്യ</u>

കമ്പ്യൂട്ടറുകളുടെ വാർഷിക റിപ്പയറിംഗ്, ഇന്റർനെറ്റ് കണക്ഷൻ എന്നിവയ്ക്കായി 1 ലക്ഷം രൂപ വകുപ്പ് ആവശ്യപ്പെട്ടിരുന്നെങ്കിലും 15,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക തുലോം കുറവായതിനാൽ ഈ ശീർഷകത്തിൽ 85,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062-00-105-99 - **വിജിലൻസ് ട്രിബ്യൂണൽ, തിരുവനന്തപുരം**

2012-13 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വാടക കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിലെ 06-വാടക, കരം, നികുതി ഇനത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XIII - ജയിലുകൾ

2056-00-101-99- **ജയിലുകൾ**

കഴിഞ്ഞ സാമ്പത്തിക വർഷം ഫണ്ടിന്റെ അപര്യാപ്തത മൂലം തടവുകാരുടെ ആഹാരത്തിനുള്ള ചെലവു വഹിക്കുന്ന 56-ഭക്ഷണവും ധനസഹായവും എന്ന ഇനത്തിലും 05-1- വെള്ളക്കരം എന്നയിനത്തിലും ഏകദേശം 4 കോടി രൂപയുടെ ബില്ലുകൾ തീർപ്പാക്കാനുള്ളതായി സമിതി വിലയിരുത്തി. തടവുകാരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്, ആഹാരസാധനങ്ങളുടെയും മറ്റു ദൈനംദിന പദാർത്ഥങ്ങളുടെയും വിലയിലുണ്ടാകുന്ന വർദ്ധനവ്, കൂടാതെ പ്രിസൺസ് റൂൾസ് പരിഷ്കരിച്ചതു പ്രകാരം ആഹാരസാധനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിച്ചതിലുള്ള അധികച്ചെലവ്, തടവുകാരുടെ വേതനം, ബാറ്റ, മരുന്ന്, ചികിത്സച്ചെലവുകൾ, വാഹനങ്ങളുടെ ഇന്ധനച്ചെലവ് എന്നിവയും പരിഗണിക്കുമ്പോൾ ബഡ്ജറ്റിലെ വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, ഈ ശീർഷകത്തിൽ 8,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന XIV - സ്റ്റേഷനറിയും, അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും.

**2070-00-107-99 - ഹോം ഗാർഡ്സ്**

പോലീസിനേയും അഗ്നിശമനസേനയേയും സഹായിക്കാനായി നിയമിച്ചിട്ടുള്ള ഹോം ഗാർഡുകളുടെ എണ്ണം 3000 ത്തിൽ നിന്നും 5000 ആക്കി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നതിനാലും ഇവർക്ക് ദിവസവേതനം 400/- രൂപ എന്ന നിരക്കിൽ വർഷം മുഴുവൻ നൽകുന്നതിനും നിലവിലെ വിഹിതം പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ കണക്കിനത്തിൽ 10,00,00,000 രൂപ കൂടി

അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2070-00-108-90 - ആധുനിക ജീവൻ രക്ഷാ സാമഗ്രികൾ, അഗ്നി പ്രതിരോധ വാഹനങ്ങൾ, ഉപകരണങ്ങൾ, എന്നിവയുടെ വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)**

കേന്ദ്രസർക്കാർ ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി 2011-12 സാമ്പത്തിക വർഷത്തിൽ 17,73,19,000 രൂപ അനുവദിച്ചതിൽ ശേഷിക്കുന്ന 6,47,40,475 രൂപ നടപ്പു സാമ്പത്തിക വർഷം അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2070-00-108-91 - അഗ്നിശമനസേനാ വകുപ്പിലുള്ള ആസ്തി പരിശീലനം ആസ്തി പരിപാലന ഫണ്ടിൽ നിന്നുള്ള ചെലവുകൾ**

അഗ്നിശമന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും അത്യാധുനിക ഉപകരണങ്ങളും വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും വസ്തു വകകളും ഉൾപ്പെടുന്ന ആസ്തികൾ പരിപാലിക്കുന്നതിനും അഗ്നിശമന സേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50,00,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2070-00-108-92 - അഗ്നിശമനവും അടിയന്തര സർവ്വീസുകളും ശക്തിപ്പെടുത്തൽ**

പതിനൊന്നാം പഞ്ചവത്സര പദ്ധതി പ്രകാരം രാജ്യത്തെ അഗ്നിശമന സേനയേയും അടിയന്തര സർവ്വീസുകളേയും ശക്തിപ്പെടുത്തുന്നതിനായുള്ള 75 ശതമാനം കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതി പ്രകാരം 3,32,50,000 രൂപയാണ് കേരളത്തിന് വിഹിതമായി ലഭിച്ചത്. 2010 - 11 വർഷത്തിൽ 14,27,046 രൂപയും 2011-12 വർഷത്തിൽ 52,32,503 രൂപയും പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്. 2012 - 13 വർഷത്തിൽ 2,63,67,000 രൂപ അനുവദിച്ചെങ്കിലും ആയത് ഭരണപരമായ കാലതാമസം മൂലം ചെലവഴിക്കാൻ കഴിഞ്ഞില്ലെന്നും തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുത തുക പുതുക്കി നൽകിയിരുന്നില്ലെന്നും സമിതി മനസ്സിലാക്കുകയും നടപ്പു സാമ്പത്തിക വർഷം പ്രസ്തുത തുക (2,63,67,000 രൂപ) പുതുക്കി അനുവദിച്ചു നൽകണമെന്ന് ശിപാർശ

ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

## 2070 - 00 - 108 - 94 - അഗ്നിശമന സേനാ വകുപ്പിന്റെ നവീകരണം

സേനയുടെ നവീകരണത്തിനായി ബൃഹത്തായ കർമ്മ പരിപാടികൾ ഓരോ സാമ്പത്തിക വർഷവും ആസൂത്രണം ചെയ്യുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം ഇവ നടപ്പാക്കാൻ സാധിക്കാതെ പോകുന്നതായി സമിതി വീക്ഷിച്ചു. അക്കാദമിയ്ക്ക് പദ്ധതിയേതര ഇനത്തിൽ 2 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ അക്കാദമിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി നോൺ പ്ലാനിൽ 2,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2070 - 00 - 108 - 96 - മറ്റു ചെലവുകൾ

അഗ്നിശമന സേനാംഗങ്ങളുടെ വിശിഷ്ട സേവനത്തിന് പാരിതോഷികം നൽകുന്നതിന് വകുപ്പ് ആവശ്യപ്പെട്ട 5,00,000 രൂപയിൽ 1,00,000 രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചു. ഇത് തീരെ പര്യാപ്തമല്ലാത്തതിനാൽ ഇതിലേയ്ക്ക് 4,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2070 - 00 - 108 - 97 - പരിശീലനം

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയെ ദേശീയ നിലവാരത്തിലുള്ളതാക്കി മാറ്റുന്നതിന് സർക്കാർ വിഭാവനം ചെയ്യുന്നതായി സമിതി നിരീക്ഷിച്ചു. പുതുതായി സർവ്വീസിൽ പ്രവേശിച്ച മിനിസ്റ്റീരിയൽ വിഭാഗം ഒഴികെയുള്ള എല്ലാ ജീവനക്കാർക്കുമുള്ള പരിശീലനം വിവിധ തസ്തികകളിലെ ജീവനക്കാരുടെ ഇൻ-സർവ്വീസ് പരിശീലനം, ഉദ്യോഗക്കയറ്റത്തി നായുള്ള യോഗ്യതാപരീക്ഷകളുടെ നടത്തിപ്പ്, ഹോംഗാർഡ്സിനുള്ള പരിശീലനം എന്നിവ അക്കാദമിയിൽ നടത്തി വരുന്നതിനാലും പുതിയ ഫയർമാൻമാരുടെ പരിശീലനം ആരംഭിക്കുന്ന സാഹചര്യത്തിൽ അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, പരിശീലനോപകരണങ്ങൾ വാങ്ങുന്നതിനും, അക്കാദമിയിൽ പഠനക്ലാസുകൾ നയിക്കുന്ന

വ്യക്തികൾക്ക് പ്രതിഫലം എന്നിവയ്ക്ക് അധിക തുക വകയിരുത്തേണ്ടതുണ്ട്. ഫയർസർവ്വീസ് മേഖലയിൽ വിദേശത്തും കേരളത്തിനുപുറത്തും ഉദ്യോഗം നേടുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് നിലവാരമുള്ള കോഴ്സുകൾ നടത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നതിനാലും വിവിധ കണക്കിനങ്ങളിലായി അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 01 - 4 മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്ന ഇനത്തിൽ 3,00,000 രൂപയും 04 - - യാത്രാ ചെലവുകൾ എന്ന ഇനത്തിൽ - 2,50,000 രൂപയും 05 - 4 - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ - 1,00,000 രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൂടാതെ പുതിയ ഫയർമാൻമാരുടെ ട്രെയിനിംഗ് ആരംഭിക്കുന്ന സാഹചര്യത്തിൽ ട്രെയിനിംഗ് അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങൾവികസിപ്പിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും അക്കാദമിയിൽ ക്ലാസ് എടുക്കുന്ന വ്യക്തികൾക്ക് പ്രതിഫലം നൽകുന്നതിനുമായി 34-മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 50,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാനും സമിതി തീരുമാനിച്ചു.

## 2070 - 00 - 108 - 98 - പ്രതിരോധവും നിയന്ത്രണവും

(01) - ജില്ലാ ജീവനക്കാർ

ഈ ശീർഷകത്തിലെ വിവിധ കണക്കിനങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരം ഓരോ ഇനത്തിലും തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

| | | |
|---|---|---|
| 01 - 4 - | മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | -15,00,000 രൂപ |
| 02 - | വേതനം | -10,00,000 രൂപ |
| 04 - | യാത്രാച്ചെലവുകൾ | - 70,00,000 രൂപ |
| 05 - | ഓഫീസ് ചെലവുകൾ | - 25,00,000 രൂപ |
| 17 - | ചെറുകിട മരാമത്ത് പണികൾ | -50,00,000 രൂപ |
| 18 - | സംരക്ഷണം | -50,00,000 രൂപ |

34 - 3 - മറ്റ് ചെലവുകൾ - മറ്റിനം - 20,00,000 രൂപ

## 2070 - 00 - 108 - 99 - അഗ്നിപ്രതിരോധവും നിയന്ത്രണവും ഭരണവും നടത്തിപ്പും

### 05-4- ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

സംസ്ഥാനത്തൊട്ടാകെ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സേനാംഗങ്ങളുടെ യൂണിഫോമിനും ചട്ടപ്രകാരം സുരക്ഷിതത്വത്തിനായി വാങ്ങി നൽകേണ്ട യൂണിഫോമിനും രക്ഷാപ്രവർത്തനത്തിനുമുള്ള യന്ത്രസാമഗ്രികളും വാഹനങ്ങളും വാങ്ങുന്നതിനും മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലായെന്ന് സമിതി വിലയിരുത്തുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് 05-4-ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 1,00,00,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

### 21 - 1 - വാഹനം വാങ്ങൽ

രക്ഷാപ്രവർത്തനത്തിന് ആധുനിക വാഹനങ്ങളുടേയും യന്ത്രസാമഗ്രി കളുടേയും ആവശ്യമുണ്ടെങ്കിലും ആധുനികവത്ക്കരണത്തിന് വകയിരുത്തുന്ന പ്ലാൻ ഫണ്ട് ഇതിന് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. പഴക്കം ചെന്ന വാഹനങ്ങളും യന്ത്രസാമഗ്രികളും ലേലം ചെയ്തു വില്ക്കുന്നതിനാൽ ഈ സേവനമേഖലയുടെ പ്രവർത്തനശേഷിയും രക്ഷാപ്രവർത്തനങ്ങളുടെ കാര്യക്ഷമതയും അനുദിനം കുറഞ്ഞുവരികയാണെന്നും സംസ്ഥാനത്തിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കാനിടയാകുമെന്നും സമിതി നിരീക്ഷിച്ചു. ഈ ശീർഷകത്തിൽ കഴിഞ്ഞ വർഷങ്ങളിലൊന്നും തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 10,00,00,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### 21 - 2 - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ ഇതിലേയ്ക്ക് 13,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## 26 - ഔദ്യോഗിക ഭാഷാപ്രയോഗം

ഔദ്യോഗികഭാഷയുടെ പ്രചരണത്തിനും ഉന്നമനത്തിനുമായി 1,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## 2070-00-119-97 - ഭരണഭാഷ നടപ്പാക്കൽ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറിയുടെ കാറിന്റെ ദിവസ വേതന ഡ്രൈവർക്കും കൂടാതെ പരിഭാഷാ/സൂക്ഷ്മ പരിശോധനാ ജോലികൾക്കുമായി താല്ക്കാലികാടി സ്ഥാനത്തിൽ നിയമിച്ചവർക്കും വേതനം നൽകുന്നതിനും വകുപ്പിലെ വാഹനത്തിന്റെ ഇന്ധനച്ചെലവിനത്തിലും അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 02 - വേതനം ഇനത്തിൽ 30,000 രൂപയും 45 - പി.ഒ.എൽ. ഇനത്തിൽ 40,000 രൂപയും കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 34 - മറ്റു ചെലവുകൾ

ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഭരണഭാഷാ പരിശീലനം, മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, ശില്പശാല സംഘടിപ്പിക്കൽ, ഭരണഭാഷാ സഹായഗ്രന്ഥങ്ങൾ വാങ്ങി വിതരണം ചെയ്യൽ, ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യൽ തുടങ്ങിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി. ഭരണഭാഷാവ്യാപന നടപടികൾ ഊർജ്ജിതമായി നടത്തുന്നതിനുമായി നടപ്പുവർഷം 4 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1,25,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക ഭാഷാപരിശീലനം നൽകുന്നതിനായി 2,66,87,500 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXV - പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

### 2225-04-001-99- ന്യൂനപക്ഷ ക്ഷേമം - ഭരണവും നടത്തിപ്പും

ഈ ശീർഷകത്തിൽ ശമ്പളം, യാത്രാബത്ത, വൈദ്യുതച്ചെലവ്, വാടക-കരം-നികുതി, ചെറുകിടമരാമത്ത്പണികൾ, മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ കണക്കിനങ്ങളിൽ ലഭിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ കണക്കിനങ്ങളിൽ താഴെപ്പറയും പ്രകാരം തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 01-1 ശമ്പളം | : | 10,00,000 രൂപ |
| 04-1- യാത്രാബത്ത | : | 1,00,000 രൂപ |
| 05-2- വൈദ്യുതച്ചെലവ് | : | 25,000 രൂപ |
| 06-വാടക, കരം, നികുതി | : | 3,00,000 രൂപ |
| 17- ചെറുകിട മരാമത്ത് പണികൾ | : | 2,00,000 രൂപ |
| 21-2-മോട്ടോർവാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | : | 20,000 രൂപ |

### 12 - സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാനുള്ള വരുമാനപരിധി ഉയർത്തിയിട്ടുള്ളതിനാൽ മുൻവർഷത്തേക്കാൾ അപേക്ഷകരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകാൻ സാധ്യതയുള്ളത് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 2,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### 2225 -04 -102-91 - കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ
### 31 - സഹായധനം - ശമ്പളം

ക്ഷാമബത്താവർദ്ധനവ്, ഇൻക്രിമെന്റ്, ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന വേതന

വർദ്ധനവ്, യാത്രാബത്ത ഇനത്തിലുള്ള ചെലവ് എന്നിവ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 27,00,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## 36 - സഹായധനം - ശമ്പളേതരം

കമ്മീഷൻ അംഗങ്ങളുടെ ഫ്യൂവൽ അലവൻസ്, ഓഫീസ് കെട്ടിട വാടക, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയ്ക്ക് ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 33,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## 2225-04-102-94- ന്യൂനപക്ഷ ക്ഷേമ പ്രൊമോട്ടർമാരുടെ ഉൾപ്പെടുത്തൽ

1000 ന്യൂനപക്ഷക്ഷേമ പ്രൊമോട്ടർമാർക്ക് പ്രതിമാസം 4000 രൂപ ഓണറേറിയം ഇനത്തിൽ നൽകുന്നതിന് 4,80,00,000 രൂപ ഒരു വർഷം ചെലവു വരുമെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 4,80,00,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2225-04-102-93- ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി

ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ കടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള ഈ പദ്ധതി പ്രകാരം മുൻവർഷം നിരവധി അപേക്ഷകൾ ലഭിച്ചിരുന്നതായി സമിതി വിലയിരുത്തി. ഈ വർഷവും കൂടുതൽ അപേക്ഷകൾ പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 9,60,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2225-04-283-99- ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിധവകൾക്ക് ഭവന പദ്ധതി

ബജറ്റ്വിഹിതമായി അനുവദിച്ച തുക അർഹരായ എല്ലാ അപേക്ഷകർക്കും ധനസഹായം നൽകുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ

10,00,00,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04-800-98- **മദ്രസ അദ്ധ്യാപകർക്കുള്ള ക്ഷേമനിധി നിക്ഷേപത്തിന്മേൽ പലിശ നഷ്ടത്തിനുള്ള നഷ്ട പരിഹാരം**

മദ്രസ്സാദ്ധ്യാപക ക്ഷേമ നിധിയിലേക്ക് കോർപ്പസ് ഫണ്ട് ഇനത്തിൽ സർക്കാർ നൽകിയ 10 കോടി രൂപ പലിശരഹിത അക്കൗണ്ടിലേക്ക് മാറ്റിയതിനാൽ പലിശ ഇനത്തിൽ നഷ്ടമാകുന്ന തുകയ്ക്ക് ആനുപാതികമായ തുക സർക്കാർ ഗ്രാന്റിനത്തിൽ നൽകുന്നതിനും നടപ്പുവർഷം അംഗങ്ങൾക്ക് പെൻഷൻ നൽകിത്തുടങ്ങേണ്ടതിനാൽ വരുന്ന ചെലവിനും അധികതുക ആവശ്യമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 6,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4225-04-190-99- **കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ഓഹരി മൂലധനം**

പ്രഖ്യാപിക്കപ്പെട്ട വിവിധ പദ്ധതികളിലേയ്ക്ക് കൂടുതൽ വായ്പാ ധനസഹായം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 10,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം രാവിലെ 11.30 ന് പിരിഞ്ഞു.

## 06.05.2015 ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV ന്റെ ഒരു യോഗം 2015 മെയ് മാസം 6-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 ന് നിയമസഭാ സമുച്ചയത്തിലെ 'V ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗവും ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രിയുമായ ശ്രീ. രമേശ് ചെന്നിത്തലയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായി.

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.
2. ശ്രീ. ബെന്നി ബെഹനാൻ, എം. എൽ. എ.
3. ശ്രീ. പി. സി. ജോർജ്, എം. എൽ. എ.

4. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി.
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ഡി. ഡി. ഗോഡ്ഫ്രീ, അണ്ടർ സെക്രട്ടറി.

സമിതി 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയെ അടിസ്ഥാനപ്പെടുത്തിയുള്ള റിപ്പോർട്ടിന്റെയും 01.04.2014 മുതൽ 31.03.2015 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെയും കരടുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയോഗം ഉച്ചയ്ക്ക് ശേഷം 12.15 ന് പിരിഞ്ഞു.

## <u>2015 ജൂലൈ 14-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്</u>

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ ഒരു യോഗം 2015 ജൂലൈ 14-ാം തീയതി, ചൊവ്വാഴ്ച സഭാ സമ്മേളനം കഴിഞ്ഞയുടനെ, വൈകുന്നേരം 5 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V- ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രിയുമായ ശ്രീ. രമേശ് ചെന്നിത്തലയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.
2. ശ്രീ. ബെന്നി ബെഹനാൻ, എം. എൽ. എ.
3. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, എം. എൽ. എ.

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

1. ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. ഡി. ഡി. ഗോഡ്ഫ്രീ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും ഇലക്ഷനും വകുപ്പ്.
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്.
3. ഡോ. രാജു നാരായണ സ്വാമി, സെക്രട്ടറി, അച്ചടിയും സ്റ്റേഷനറിയും വകുപ്പ്.
4. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, പ്രവാസി ക്ഷേമവും, വിവര പൊതുജന സമ്പർക്കവും വകുപ്പ്.
5. ശ്രീമതി മിനി ആന്റണി, ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. ശ്രീ. ടി. പി. സെൻകുമാർ, ഡയറക്ടർ ജനറൽ ഓഫ് പോലീസ് .
7. ശ്രീ. ലോക്നാഥ് ബെഹ്റ, ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ജയിൽ വകുപ്പ്.
8. ശ്രീ. സുഭാഷ് ജോൺ മാത്യു, അഡീഷണൽ സെക്രട്ടറി, വിവര സാങ്കേതികവിദ്യാ വകുപ്പ്.
9. ശ്രീ. കെ. ജി. വിജയകുമാർ, ഡയറക്ടർ, അച്ചടി വകുപ്പ്.
10. ശ്രീ. സാജു ജോർജ്, സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.
11. ശ്രീ. ടി. പി. ബാബു, ഡെപ്യൂട്ടി രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ), കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ.

I 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 92
(സർക്കാർ കത്ത് നം. 66186/എസ്.എസ്.എ $_2$/14/ആഭ്യന്തരം, തീയതി 27.02.2015)

(ഖണ്ഡിക 61 മുതൽ 71 വരെ
സർക്കാർ കത്ത് നം. 64503/ഇ 4/2014/ആഭ്യന്തരം, തീയതി 24.06.15)

ഖണ്ഡിക 47
(സർക്കാർ കത്ത് നം. 2632/എ.ആർ. 12(2)/2014/ഉഭപവ., 06.04.2015)

ഖണ്ഡിക 15
(സർക്കാർ കത്ത് നം. 1711/എ 2/2014/പാ.കാ.വ., തീയതി 10.4.15)

ഖണ്ഡിക 115 മുതൽ 125 വരെ
(സർക്കാർ കത്ത് നം. 20149/ബി2/2014/ഐ.ആന്റ്.പി.ആർ., തീയതി 22.04.2015)

ഖണ്ഡിക 28, 29
(സർക്കാർ കത്ത് നം. 863/സി 1/2014/വി. സ. വ., തീയതി 26.05.2015)

ഖണ്ഡിക 1, 7 മുതൽ 10 വരെ, 14, 16, 19, 20, 21, 25
(സർക്കാർ കത്ത് നം. 650/ബി.ഡബ്ല്യു2/14/പൊ.ഭ.വ., തീയതി 26.05.2015)

ഖണ്ഡിക 93 മുതൽ 99 വരെ
(സർക്കാർ കത്ത് നം. 8128/സി3/2014/വിജി., തീയതി 12.6.2015)

ഖണ്ഡിക 74 മുതൽ 83 വരെ
(സർക്കാർ കത്ത് നം. 18704/എച്ച് 3/2014/ഉ.വി.വ., തീയതി 02.07.2015)

ഖണ്ഡിക 11, 12
(സർക്കാർ കത്ത് നം. 76100/സ്പെ.ഇ 1/14/പൊ.ഭ.വ., തീയതി .07.2015.)

ഖണ്ഡിക 30 മുതൽ 39 വരെ
ഖണ്ഡിക 48 മുതൽ 54 വരെ
ഖണ്ഡിക 56, 57
(സർക്കാർ കത്ത് നം. 64425/സി 5/2014/ആഭ്യന്തരം, തീയതി 13.7.15)

ഖണ്ഡിക 72, 73
(സർക്കാർ കത്ത് നം. 64405/ബി 2/14/ആഭ്യന്തരം, തീയതി 14.07.15)

II 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും, പ്രസ്തുത റിപ്പോർട്ടിൽ ഖണ്ഡിക 11, 12, 30 മുതൽ 39 വരെയും, 48 മുതൽ 54 വരെയും 56, 57 എന്നിവയിലും, 61 മുതൽ 83 വരെയും 93 മുതൽ 99 വരെയുമുള്ള ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ കൂടി ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം വൈകുന്നേരം 5.25-ന് പിരിഞ്ഞു.

## 2015 സെപ്റ്റംബർ 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2015 സെപ്റ്റംബർ മാസം 17-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V ഡി സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷന്റെ അസാന്നിധ്യത്തിൽ സമിതിയിലെ എക്സ് ഒഫീഷ്യോ അംഗം ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന സമിതിയംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു.

1. ശ്രീ. റ്റി.എ. അഹമ്മദ് കബീർ, എം.എൽ.എ.
2. ശ്രീ. സി. ദിവാകരൻ, എം.എൽ.എ.
3. ശ്രീ. പി.സി. ജോർജ്ജ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി പി.കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി.
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ഇ.കെ. മാജി, പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ്.

2. ശ്രീ. അരുൺ കുമാർ സിൻഹ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ഹെഡ്ക്വാർട്ടേഴ്സ്.
3. ശ്രീ. എ. രാജശേഖരൻ നായർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. കെ. ജെയിംസ് ജോസഫ്, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
5. ശ്രീമതി എൻ. ഡി. ശോഭന, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
6. ശ്രീ. കെ.എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി നിയമവകുപ്പ്.
7. ശ്രീ. എസ്. ഗോപൻ, ജോയിന്റ് സെക്രട്ടറി, ആഭ്യന്തരവകുപ്പ്.
8. ശ്രീ. ആർ. രാജഗോപാല വർമ്മ, ജോയിന്റ് സെക്രട്ടറി, പാർലമെന്ററി കാര്യവകുപ്പ്.
9. ശ്രീ. ജി. അശോക് കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്.

സമിതി ഗവൺമെന്റിൽ നിന്നും ലഭിച്ച കരട് ചട്ടങ്ങളും കരട് ചട്ടത്തിൽ തിരുത്തൽ വരുത്തുന്നതിന് അനുമതി തേടിക്കൊണ്ടുള്ള ഗവൺമെന്റ് കത്തും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

I. <u>കരട് ചട്ടങ്ങളുടെ പരിഗണന</u>

**സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും അതതിന് ചുവടെ ചേർത്ത ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.**

1. ദി സ്പെഷ്യൽ റൂൾസ് ഫോർ ദി കേരള പോലീസ് സബോർഡിനേറ്റ് സർവ്വീസ് (മോട്ടോർ ട്രാൻസ്പോർട്ട് വിംഗ്) അമെന്റ്മെന്റ്, 2015

   (ഫയൽ നം. 1175/സബ്.സി.ഡി2/15/നി.സെ.)

   (1) ചട്ടത്തിന്റെ പീഠികയിലുള്ള "further" എന്ന വാക്ക് ഒഴിവാക്കേണ്ടതും "issued" " under" എന്നീ വാക്കുകൾക്കിടയിലായി "by notification" എന്നീ വാക്കുകൾ കൂട്ടി ചേർക്കേണ്ടതുമാണ്.

(2) ചട്ടത്തിലെ, ചട്ടം. 1, ചട്ടം 2 എന്നിവ യഥാക്രമം താഴെപ്പറയുംപ്രകാരം ഭേദഗതി വരുത്തേണ്ടതാണ്.

" 1. *Short title and commencement*:- (1) These rules may be called the Special Rules for the Kerala Police Subordinate Service (Motor Transport Wing) Amendment, 2015.

(2) They shall come into force at once.

2. *Amendment of the Rules*.- In the Special Rules for the Kerala Police Subordinate Service (Motor Transport Wing) 2011,-

(1) in rule 3,-

(a) in the opening sentence, for the word " categories" , the word " various categories" shall be substituted;

(b) in the TABLE, in column (2), against category 1,-

(A) for entries (a) and (b), the following entries shall, respectively, be substituted, namely:-

" (a) By Direct Recruitment

(b) By Promotion

(B) in the Note, for the word " posts" , the word " vacancies" shall be substituted.

(2) in the Appendix,-

(a) for category 1 in column (1) and the entries against it in column (2) and (3), the following category and entries shall, respectively, be substituted, namely:-

| | | | |
|---|---|---|---|
| " 1. Motor Transport Sub Inspector | (a) | By Direct Recruitment | 1. *Age*.- Must have completed 20 years and must be below 30 years |

of age on 1st January of the year in which applications for appointment are invited by the Public Service Commission. The upper age limit shall be raised by three years in the case of candidates belonging to any of the Other Backward Classes and by five years in the case of candidates of any of the Scheduled Castes and Scheduled Tribes.

2. *Educational qualifications.-*

(a) A Degree or Diploma in Automobile or Mechanical Engineering from any University established by statute or any Degree or Diploma declared equivalent thereto.

(b) Two years experience in a Government approved Automobile workshop in the case of Diploma holders and on year experience in the case of Degree holders after the acquisition of the qualification referred to at (a) above.

(c) Must have valid Heavy Duty License for driving.

3. *Physical qualifications.-*

Must be physically fit and shall possess the following minimum physical standards:-

(a) Height: 165 cms

(b) Chest: 81-86 cms (Chest normal-81 cms, expanded-86cms) with minimum expansion of 5cms.

Note:- The minimum height and chest measurements shall be 160 cms and 76-81 cms respectively for candidates belonging to Schedule Castes and Scheduled Tribes.

(c) *Eye sight:-*

Should be certified to possess the visual, standards specified below without glasses.

*Right eye:*

Distant Vision: 6/6 snellen
Near Vision: 0.5 snellen

*Left eye:*

Distant Vision: 6/6 snellen
Near Vision: 0.5 snellen

*Note:-* 1. Each eye must have a full field of Vision.

2. Colour Blindness, squint or any morbid condition of the eyes or lids of either eye will be deemed to be a disqualification.

3. Candidate should be free from apparent physical defects like knock-knee, flat feet, varicose veins, bowlegs, deformed limbs, irregular and protruding teeth, defective speech and hearing.

(b) By promotion — Must have three years experience as Havildar Motor Mechanic." ;

(b) in column (3), in the Note under item 1 against categories 3 and 4, for the word " class" , the work " classes" shall, respectively, be substituted." .

(3) Explanatory Note -ൽ, ആദ്യ വാചകത്തിന്റെ തുടക്കമായ 'Certain errors crept' എന്ന വാക്കുകൾക്ക് മുൻപിലായി " The Public Service Commission has pointed out" എന്നീ വാക്കുകളും അതേ വാചകം അവസാനിക്കുന്ന " the 27th January, 2011" എന്നീ വാക്കുകൾക്ക് ശേഷം " and requested to modify the Rules." എന്നീ വാക്കുകളും കൂടി ചേർക്കേണ്ടതാണ്.

2. ദി മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി (അഡ്വാൻസ് ഫോർ ദി പർച്ചേയ്സ് ഓഫ് വെഹിക്കിൾ) അമെന്റ്മെന്റ് റൂൾസ്, 2014.

(ഫയൽ നമ്പർ 415/സബ്.സി.ഡി2/15/നി.സെ)

(i) ചട്ടത്തിന്റെ പീഠിക അവസാനിക്കുന്ന "namely:-" എന്ന വാക്കിനും ചിഹ്നങ്ങൾക്കും മുന്നിലായി " and published as SRO No. 456/2012 in the Kerala Gazette Extraordinary No. 1307 dated 19th June, 2012" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

(ii) ചട്ടത്തിന്റെ പേരിനൊപ്പം ചേർത്തിട്ടുള്ള വർഷം " 2014" എന്നത് " 2015" എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

3. ദി മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി (പ്രൊവൈഡിംഗ് ദി അസിസ്റ്റൻസ് ഓഫ് സ്റ്റാഫ് ആന്റ് പേമെന്റ് ഓഫ് സ്റ്റാഫ് അലവൻസ്) അമെന്റ്മെന്റ് റൂൾസ്, 2015.

(ഫയൽ നമ്പർ 4400/സബ്.സി.ഡി2/14/നി.സെ)

ചട്ടത്തോടൊപ്പമുള്ള 'Explanatory Note-ൽ'-

(i) രണ്ടാമത്തെ വാചകത്തിലെ "the Payment of Salaries and Allowance Act 1951 (XIV of 1951)" എന്നതിലെ 'Allowance' എന്നത് "Allowances" എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

(ii) 'The above said Rules ......." എന്ന് തുടങ്ങുന്ന വാചകത്തിലെ "issued as" എന്നീ വാക്കുകൾക്ക പകരം "issued under" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) " Now the Govt......." എന്ന് തുടങ്ങുന്ന വാചകത്തിലെ " said" എന്ന വാക്ക് ഒഴിവാക്കേണ്ടതുമാണ്.

**താഴെപ്പറയുന്ന കരട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.**

(1) കേരള സർവ്വീസ് (...........ഭേദഗതി) ചട്ടങ്ങൾ, 2015
(പാർട്ട് I, റൂൾ 91 A ലെ ഭേദഗതി)
(ഫയൽ നം. 3914/സബ്.സി.ഡി2/15/നി.സെ)

(2) കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (....ഭേദഗതി) ചട്ടങ്ങൾ, 2015
(പാർട്ട് I, ലിസ്റ്റ് III യിലെ ഭേദഗതി)
(ഫയൽ നം. 3431/സബ്.സി.ഡി2/15/നി.സെ)

(3) കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (....ഭേദഗതി) ചട്ടങ്ങൾ, 2015
(പാർട്ട് II, ചട്ടം 27 ലെ ഭേദഗതി)
(ഫയൽ നം. 1153/സബ്.സി.ഡി2/15/നി.സെ)

II. താഴെപ്പറയുന്ന കരട് ചട്ടത്തിൽ സംഭവിച്ച പിശക് തിരുത്തി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി അനുമതി ആവശ്യപ്പെട്ട് ഗവൺമെന്റിൽ നിന്നും ലഭിച്ച കത്ത്

സമിതി പരിഗണിച്ചു.

2014-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (.........ഭേദഗതി) ചട്ടങ്ങൾ, (പാർട്ട് II, റൂൾ 9 ലെ ഭേദഗതി)

(ഫയൽ നം. 1199/സബ്.സി.ഡി2/14/നി.സെ)

സമിതിയുടെ 19.05.2014-ലെ യോഗം അംഗീകരിച്ച പ്രസ്തുത ചട്ടത്തിലെ ചട്ടം 2(b)ൽ 1993 എന്ന് ചേർക്കേണ്ടതിനു പകരമായി 1983 എന്ന് ചേർത്തിട്ടുള്ളത് തെറ്റ് സംഭവിച്ചതാണെന്നും ആയത് തിരുത്തുന്നതിനുള്ള അനുമതി നൽകണമെന്നുമുള്ള ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിലെ 18.04.15 തീയതിയിലെ കത്തിലെ ആവശ്യം സമിതി പരിഗണിക്കുകയും, കരട് ചട്ടത്തിൽ സംഭവിച്ച പിശക് സമിതിക്ക് ബോദ്ധ്യപ്പെടുകയും ചെയ്തതിനാൽ പ്രസ്തുത പിശക് തിരുത്തിക്കൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായുള്ള അനുമതി ഗവൺമെന്റിന് നൽകാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

## III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായ താഴെപ്പറയുന്ന ഫയൽ വിഷയങ്ങൾ സമിതി പരിശോധിക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

(1) 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ

(ഫയൽ നം. 523/സബ്.സി.ഡി2/14/നി.സെ)

ഇതേ വിഷയത്തിൽ കേന്ദ്ര നിയമം നിലവിലുള്ളതിനാൽ സമിതിയുടെ പരിഗണനയിലിരിക്കുന്ന ഈ ബില്ലിന്മേൽ തല്ക്കാലം നടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ചു.

(2) ഫയർ എഞ്ചിൻ വാഹനങ്ങൾ തകരാറിലായതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്

(ഫയൽ നം. 2995/സബ്.സി.ഡി2/14/നി.സെ)

അഗ്നിശമന സേനാ വിഭാഗത്തിന്റെ ആവശ്യത്തിനായി വാങ്ങിയ ഫയർ എഞ്ചിൻ വാഹനങ്ങൾ തകരാറിലായത് സംബന്ധിച്ച് വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേലുള്ള

ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിഷയത്തിലുള്ള VC 08/13 നമ്പർ കേസ് ഇപ്പോഴും അന്വേഷണ ഘട്ടത്തിലാണെന്നുള്ള ആഭ്യന്തര വകുപ്പിന്റെ 13.04.15 തീയതിയിലെ മറുപടി സമിതി അംഗീകരിക്കുകയും തുടർ നടപടികൾ അവസാനിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

സമിതിയോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## 2015 ഡിസംബർ 1-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2015 ഡിസംബർ 1-ാം തീയതി, ചൊവ്വാഴ്ച വൈകുന്നേരം 3.30-ന് സഭ പിരിഞ്ഞതിന് ശേഷം നിയമസഭാ സമുച്ചയത്തിലെ 'III-A' സമ്മേളന ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻചാണ്ടിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രിയുമായ ശ്രീ. രമേശ് ചെന്നിത്തല, പ്രത്യേക ക്ഷണിതാവും ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ.സി. ജോസഫ് എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ ഹാജരായിരുന്നു.

1. ശ്രീ. ബെന്നി ബെഹനാൻ
2. ശ്രീ. സി. ദിവാകരൻ
3. ശ്രീ. മാത്യു റ്റി. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി പി.കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഡി.ഡി.ഗോഡ്ഫ്രി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, പ്രവാസിക്ഷേമവും ഇൻഫർമേഷൻ & പബ്ലിക്

റിലേഷൻസും വകുപ്പ്.

2. ശ്രീ. ഡി. സാജു, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. വി. ആർ. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, നോർക്ക വകുപ്പ്.
4. ശ്രീ. കെ. ദിലീപ് കുമാർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീ. കെ. മണികണ്ഠൻ, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.
6. ശ്രീ. ആർ. എസ്. കണ്ണൻ, സി.ഇ.ഒ., നോർക്ക റൂട്ട്സ്.
7. ശ്രീ. കെ. എസ്. അനസ്, സി.ഇ.ഒ., കേരള നോൺ റെസിഡന്റ് കേരളൈറ്റ്സ് വെൽഫയർ ബോർഡ്.

I. സമിതി 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

സർവ്വശ്രീ. സി. ദിവാകരൻ, മാത്യു ടി. തോമസ് എന്നീ അംഗങ്ങൾ പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ ഭിന്നാഭിപ്രായം രേഖപ്പെടുത്തി.

II. സമിതി 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 1</u>

1-ാം ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡത്തിനു പകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

" (2) ഇത് 2009 ഫെബ്രുവരി 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.;

<u>ഖണ്ഡം 2</u>

2-ാം ഖണ്ഡം മുഖേന ചേർക്കാൻ ഉദ്ദേശിക്കുന്ന (എഎ) ഖണ്ഡത്തിൽ, " ക്ഷേമ പദ്ധതിയിൽ" എന്ന വാക്കുകൾക്കുപകരം "നിധിയിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

<u>പുതിയ ഖണ്ഡം ചേർക്കൽ</u>

4-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

" 5. <u>സാധൂകരണം.</u>- പ്രധാന ആക്ടിലും അതിൽ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും പദ്ധതിയിലും എന്തുതന്നെ അടങ്ങിയിരുന്നാലും, 2009 ഫെബ്രുവരി 24-ാം തീയതി മുതൽ ഈ ആക്ട് ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി വരെയുള്ള കാലയളവിൽ, അൻപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും എന്നാൽ അറുപത് വയസ്സ് പൂർത്തിയാകുന്നതിന് മുൻപ് നിധിയിൽ അംഗമാകുന്നതിന് അപേക്ഷ നൽകിയിട്ടുള്ളതുമായ ഏതൊരാൾക്കും അംഗത്വം നൽകുകയും അപ്രകാരം ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും, അപ്രകാരം നൽകിയിട്ടുള്ള അംഗത്വവും ആനുകൂല്യങ്ങളും, ഈ ആക്ട് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്ടിൻ കീഴിൽ സാധുതയോടെ എടുത്തതായും നൽകിയതായും കരുതപ്പെടേണ്ടതും അവ സംബന്ധിച്ച് എടുത്തിട്ടുള്ള യാതൊരു നടപടിയും യാതൊരു കോടതിയിലോ മറ്റ് അധികാര സ്ഥാനങ്ങളിലോ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു".

സർവ്വശ്രീ സി. ദിവാകരൻ, മാത്യു റ്റി. തോമസ് എന്നീ അംഗങ്ങൾ പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ ഭിന്നാഭിപ്രായം രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 3.45-മണിക്ക് പിരിഞ്ഞു.

## <u>2015 ഡിസംബർ 08-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്</u>

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയ നിർണ്ണയ സമിതിയുടെ ഒരു യോഗം 2015 ഡിസംബർ 8-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിനു ശേഷം വൈകുന്നേരം 5.15-ന് നിയമസഭാ സമുച്ചയത്തിലെ 5-D സമ്മേളന ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയുടെ എക്സ് ഒഫിഷ്യോ അംഗവും ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രിയുമായ ശ്രീ. രമേശ് ചെന്നിത്തല, പ്രത്യേക ക്ഷണിതാവും

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രിയുമായ ശ്രീ. കെ. സി. ജോസഫ് എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ.സി. ദിവാകരൻ
4. ശ്രീ. മാത്യു റ്റി. തോമസ്
5. ശ്രീ. കെ. സുരേഷ് കുറുപ്പ്
6. ശ്രീ. ബെന്നി ബെഹനാൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, പ്രവാസി കേരളീയകാര്യവും ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസും വകുപ്പ്.
2. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. ഡി. സാജു, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. വി. ആർ. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, നോർക്ക വകുപ്പ്.
5. ശ്രീമതി. എൻ. ഡി. ശോഭന, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
6. ശ്രീ. കെ. ദിലീപ് കുമാർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
7. ശ്രീമതി. പി.ബി. രാധിക, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
8. ശ്രീമതി എസ്. മിനി ഭാസ്കർ, ഡെപ്യൂട്ടി സെക്രട്ടറി, ഔദ്യോഗിക ഭാഷാ വകുപ്പ്.
9. ശ്രീ. ആർ. എസ്. കണ്ണൻ, സി.ഇ.ഒ, നോർക്ക റൂട്ട്സ്

സമിതി, 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ

പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടു കൂടി അംഗീകരിക്കുകയും ചെയ്യു.

3-ാം ഖണ്ഡം

3-ാം ഖണ്ഡത്തിലെ "മലയാള ഭാഷാ വികസന വകുപ്പ് എന്ന പേരിൽ ഒരു വകുപ്പ് സെക്രട്ടേറിയറ്റിൽ രൂപീകരിക്കേണ്ടതും" എന്ന വാക്കുകൾക്കു പകരം "സെക്രട്ടേറിയറ്റിൽ നിലവിലുള്ള ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിനെ മലയാള ഭാഷാ വികസന വകുപ്പ് എന്ന് പുനർനാമകരണം ചെയ്യേണ്ടതും" എന്ന വാക്കുകൾ ചേർക്കുക.

4-ാം ഖണ്ഡം

(1) (1)-ാം ഉപഖണ്ഡം (iii)-ാം ഇനത്തിൽ "ഇംഗ്ലീഷ് പരിഭാഷ കൂടി" എന്ന വാക്കുകൾക്കുശേഷം "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കുക.

(2) (2)-ാം ഉപഖണ്ഡത്തിൽ "മലയാളത്തിലേക്ക്" എന്ന വാക്കിനുശേഷം "നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കുക.

(3) (3)-ാം ഉപഖണ്ഡത്തിൽ"ചട്ടങ്ങൾ മലയാളത്തിലും" എന്ന വാക്കുകൾക്കു പകരം "ചട്ടങ്ങളുടെ മലയാള പരിഭാഷ കൂടി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കുക.

6-ാം ഖണ്ഡം

നിലവിലുള്ള വ്യവസ്ഥ (3)-ാം ഉപഖണ്ഡമായി അക്കമിടുകയും അപ്രകാരം അക്കമിട്ട (3)-ാം ഉപഖണ്ഡത്തിന് മുമ്പായി താഴെ പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുകയും ചെയ്യുക, അതായത്:-

(1) കേരളത്തിലെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും X-ാം തരംവരെ നിർബന്ധിത ഒന്നാം ഭാഷ മലയാളം ആയിരിക്കേണ്ടതാണ്.

(2) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്."

7-ാം ഖണ്ഡം

ഖണ്ഡം 7 ഒഴിവാക്കുക. ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

9-ാം ഖണ്ഡം

(1) (1)-ാം ഉപഖണ്ഡത്തിലെ ആദ്യ വാചകത്തിനു പകരം താഴെ പറയുന്ന വാചകം ചേർക്കുക, അതായത്:-

" ഹൈക്കോടതിയുടെ അനുമതിയോടെ ജില്ലാ കോടതിക്കു കീഴിലുള്ള കോടതികൾ ഉപയോഗിക്കുന്ന ഭാഷയും കേസ്സുകളിലെ വിധിന്യായങ്ങളും ഒരു നിശ്ചിത കാലയളവിനുള്ളിൽ മലയാളത്തിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്."

(2) (2)-ാം ഉപഖണ്ഡത്തിനു കീഴിലുള്ള കുറിപ്പിൽ "376-ാം വകുപ്പിന്റെ" എന്ന വാക്കുകൾക്കു പകരം "376-ാം വകുപ്പ് (ബി), (സി), (ഡി) എന്നീ ഖണ്ഡങ്ങളുടെ" എന്ന വാക്കുകൾ ചേർക്കുക.

10-ാം ഖണ്ഡം

(1) 1-ാം ഉപഖണ്ഡത്തിൽ "മലയാളത്തിലും കൂടി" എന്ന വാക്കുകൾക്കു പകരം "മലയാളത്തിലും ആവശ്യമെങ്കിൽ ഇംഗ്ലീഷിലും" എന്ന വാക്കുകൾ ചേർക്കുക.

(2) (7)-ാം ഉപഖണ്ഡത്തിൽ താഴെ പറയുന്ന ക്ലിപ്തം നിബന്ധന ചേർക്കുക, അതായത്:-

" എന്നാൽ, മറ്റ് ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങളിൽ അതതു ഭാഷകളിൽ അങ്ങനെയുള്ള പരസ്യങ്ങൾ ആവശ്യമെങ്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്."

സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ. സുരേഷ് കുറുപ്പ്,

സി. ദിവാകരൻ, മാത്യു റ്റി. തോമസ് എന്നിവർ പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ ഭിന്നാഭിപ്രായം രേഖപ്പെടുത്തി.

തുടർന്ന് സമിതി, 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടുകൂടി അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 2

(1) (ബി) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക:

" (ബി) " കമ്മീഷൻ" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ എന്നർത്ഥമാകുന്നതും ആയത് 'എൻ.ആർ.ഐ. (കേരള) കമ്മീഷൻ' എന്ന പേരിൽ അറിയപ്പെടുന്നതുമാണ്;" ;

(2) (എഫ്) ഇനത്തിലെ (2)-ാം ഉപ ഇനത്തിൽ "അംഗത്തെ മാത്രം" എന്ന വാക്കുകൾക്കു പകരം "പ്രവാസി ഭാരതീയനായ കേരളീയനെ മാത്രം" എന്ന വാക്കുകൾ ചേർക്കുക.

ഖണ്ഡം 3

(2)-ാം ഉപഖണ്ഡത്തിലെ(i) മുതൽ (iv) വരെയുള്ള ഇനങ്ങൾ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

" (i) കേരള ഹൈക്കോടതി ജഡ്ജിയുടെ പദവി വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ഒരംഗം, അദ്ദേഹം കമ്മീഷന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ii) അഞ്ച് വർഷത്തിൽ കുറയാതെ വിദേശത്തുള്ള പ്രവാസി ഭാരതീയരായ കേരളീയരിൽ നിന്നും രണ്ട് അംഗങ്ങൾ;

(iii) അഞ്ചോ അതിലധികമോ വർഷങ്ങൾ വിദേശത്ത് കഴിഞ്ഞതിനുശേഷം മടങ്ങിവന്ന പ്രവാസി ഭാരതീയരായ കേരളീയരിൽ നിന്നുള്ള രണ്ട് അംഗങ്ങൾ;

(iv) കമ്മീഷന്റെ സെക്രട്ടറി, സർക്കാർ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനോ, തത്തുല്യ പദവിയിൽ കുറയാത്ത പദവിയിൽ നിന്നും വിരമിച്ച അഖിലേന്ത്യാ സർവ്വീസിൽ നിന്നുള്ള ഉദ്യോഗസ്ഥനോ ആയിരിക്കുന്നതും അദ്ദേഹം,

കമ്മീഷൻ അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുത്ത അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്." .

<u>ഖണ്ഡം 4</u>

(1)-ാം ഉപഖണ്ഡത്തിൽ "എല്ലാ അംഗങ്ങൾക്കും" എന്ന വാക്കുകൾക്കു മുൻപ് "സർവ്വീസിൽ നിന്നും നിയമിക്കപ്പെടുന്ന സെക്രട്ടറി ഒഴികെയുള്ള" എന്ന വാക്കുകൾ ചേർക്കുക.

<u>ഖണ്ഡം 9</u>

(2)-ാം ഉപഖണ്ഡത്തിൽ:-

(1) (എ) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക:

" (എ) പ്രവാസി ഭാരതീയരായ കേരളീയരുടെയും അവരുടെ കുടുംബത്തിന്റെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ, പ്രത്യേകിച്ച് കേരള സംസ്ഥാനത്ത് അവരുടെ സ്വത്തിന്റെയും ജീവന്റെയും കാര്യങ്ങളിൽ, സഹായിക്കുക;" ;

(2) (ജി) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക:

" (ജി) റിക്രൂട്ട്മെന്റ് ഏജൻസികളുടെ ന്യായമല്ലാത്ത പ്രവൃത്തികളെക്കുറിച്ച് അന്വേഷിക്കുകയും പ്രവാസി ഭാരതീയരായ കേരളീയരുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നു എന്നത് ഉറപ്പുവരുത്തുകയും ചെയ്യുക".

സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, കെ. സുരേഷ് കുറുപ്പ്, സി. ദിവാകരൻ, മാത്യു.റ്റി. തോമസ് എന്നിവർ പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ ഭിന്നാഭിപ്രായം രേഖപ്പെടുത്തി.

സമിതി വൈകുന്നേരം 5.55 - മണിക്ക് പിരിഞ്ഞു.

## 2016 ഫെബ്രുവരി 9-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2016 ഫെബ്രുവരി മാസം 9-ാം തീയതി, ചൊവ്വാഴ്ച സഭാ സമ്മേളനത്തിന് ശേഷം ഉച്ചയ്ക്ക് 12.15-ന് നിയമസഭാ സമുച്ചയത്തിലെ 'V- ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. തദവസരത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.
2. ശ്രീ. ബെന്നി ബെഹനാൻ, എം. എൽ. എ.
3. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, എം. എൽ. എ.

### നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, അണ്ടർ സെക്രട്ടറി

### ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, പ്രവാസിക്ഷേമ വകുപ്പ്.
2. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീമതി വി.ജി. യമുനാറാണി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

4. ശ്രീമതി എൻ. ഡി. ശോഭന, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
6. ശ്രീമതി മിനിമോൾ എബ്രഹാം, അഡീഷണൽ സെക്രട്ടറി, പി. & എ. ആർ. ഡി.
7. ശ്രീമതി എൽ. സിന്ധു, അഡീഷണൽ സെക്രട്ടറി, പി. & എ. ആർ. ഡി.
8. ശ്രീമതി എസ്. എ. രാജലക്ഷ്മി, സെക്രട്ടറി, ഔദ്യോഗിക ഭാഷാ (ലെജിസ്ലേറ്റീവ് കമ്മീഷൻ).
9. ശ്രീ. പി. എസ്. രാധാകൃഷ്ണൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
10. ശ്രീ. ആർ. രാജഗോപാല വർമ്മ, ജോയിന്റ് സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.
11. ശ്രീമതി ടി. എസ്. ഗിരിജ കുമാരി, ജോയിന്റ് സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.
12. ശ്രീമതി കെ. എസ്. സുശീല, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
13. ശ്രീ. എ. സി. ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

I സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഓരോ ചട്ടത്തിലും പേരിനൊപ്പം ചേർത്തിരിക്കുന്ന വർഷം കാലാനുസൃതമായി പരിഷ്കരിക്കണമെന്ന നിർദ്ദേശത്തോടെ അംഗീകരിക്കുകയും ചെയ്തു.

1. ദി കേരള സർവ്വീസ് (.......അമെന്റ്മെന്റ്) റൂൾസ്, 2015.

   (കെ.എസ്. ആർ. പാർട്ട് III, റൂൾ 90-ലെ ഭേദഗതി)
   (ഫയൽ നം. 4265/സബ്. സി. ഡി2/15/നി.സെ.)
   (സർക്കാർ കത്ത് നം. പെൻഷൻ4/68/2014/ധന. തീയതി 21.07.2015 &
   22.08.2015.

2. ദി കേരള സർവ്വീസ് (.......അമെന്റ്മെന്റ്) റൂൾസ്, 2015.
   (കെ.എസ്. ആർ. പാർട്ട് I - അപ്പെൻഡിക്സ് VII - സ്പെഷ്യൽ കാഷ്വൽ ലീവിലെ ഭേദഗതി)
   (ഫയൽ നം. 5125/സബ്. സി. ഡി2/15/നി.സെ.)
   (സർക്കാർ കത്ത് നം. 25451/റൂൾസ്-ബി1/2015/ധന. തീയതി 10.9.2015 &
   13.10.2015.

3. ദി കേരള സർവ്വീസ് (.......അമെന്റ്മെന്റ്) റൂൾസ്, 2015.
(കെ.എസ്. ആർ. പാർട്ട് I - അപ്പെൻഡിക്സ് VII - സ്പെഷ്യൽ കാഷ്വൽ ലീവിലെ ഭേദഗതി)
(ഫയൽ നം. 5126/സബ്. സി. ഡി2/15/നി.സെ.)
സർക്കാർ കത്ത് നം. 34487/റൂൾസ്-ബി1/2015/ധന. തീയതി 10.9.2015 & 13.10.2015.

4. ദി കേരള സർവ്വീസ് (.......അമെന്റ്മെന്റ്) റൂൾസ്, 2015.
(കെ.എസ്. ആർ. പാർട്ട് III - റൂൾ 120-ലെ ഭേദഗതി)
(ഫയൽ നം. 6240/സബ്. സി. ഡി2/15/നി.സെ.)
സർക്കാർ കത്ത് നം. പെൻബി4/4/2015/ധന. തീയതി 27.10.2015.

5. ദി കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് (......അമെന്റ്മെന്റ്) റൂൾസ്, 2015.
(റൂൾ 1, 8 എന്നിവയിലെ ഭേഗതി)
(ഫയൽ നം. 5859/സബ്. സി. ഡി2/15/നി.സെ.)
സർക്കാർ കത്ത് നം. 15534/ആർ 2/12/2015/ഉഭപവ. തീയതി 21.10.2015 & 20.11.2015.

6. ദി പബ്ലിക് സർവ്വീസസ് (റെയിസിംഗ് ഓഫ് അപ്പർ ഏജ് ലിമിറ്റ് ഫോർ അപ്പോയിന്റ്മെന്റ്) അമെന്റ്മെന്റ് റൂൾസ്, 2015.
(ഫയൽ നം. 7007/സബ്. സി. ഡി2/15/നി.സെ.)
സർക്കാർ കത്ത് നം. 14720/ആർ 1/14/ഉഭപവ. തീയതി 18.12.2015.

7. ദി കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (......അമെന്റ്മെന്റ്) റൂൾസ്, 2015.
(ഫയൽ നം. 57/സബ്. സി. ഡി2/16/നി.സെ.)
സർക്കാർ കത്ത് നം. 21182/4/ആർ 1/12/ഉഭപവ. തീയതി 28.12.2015.

8. ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനീസ്) അമെന്റ്മെന്റ് റൂൾസ്, 2015.
(ഫയൽ നം. 6307/സബ്. സി. ഡി2/15/നി.സെ.)
സർക്കാർ കത്ത് നം. 19481/4/ഉപ സി1/14/ഉഭപവ. തീയതി 11.11.2015 & 05.01.2016.

9. ദി മെമ്പേഴ്സ് ഓഫ് ദ കേരള ലെജിസ്ലേറ്റീവ് അസംബ്ലി (ഹൗസ് ബിൽഡിംഗ് അഡ്വാൻസ്) അമെന്റ്മെന്റ് (അമെന്റിംഗ്)റൂൾസ്, 2015.
(ഫയൽ നം. 7036/സബ്. സി. ഡി2/15/നി.സെ.)
സർക്കാർ കത്ത് നം. 1749/എ 2/2015/പാ.കാ.വ. തീയതി 17.12.2015.

II സമിതി താഴെപ്പറയുന്ന കരട് ചട്ടം പരിശോധിക്കുകയും ചുവടെ ചേർത്തപ്രകാരം

തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

2015-ലെ ദി കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (.......അമെന്റ്മെന്റ്) റൂൾസ്

മലയാള ഭാഷാ നിയമം പ്രാബല്യത്തിൽ വരുന്നതുവരെ പ്രസ്തുത കരട് ചട്ടത്തിന്റെ പരിഗണന മാറ്റി വയ്ക്കുന്നതിന് സമിതി തീരുമാനിച്ചു.

III സമിതിയുടെ മുൻകൂർ പരിശോധന കൂടാതെ വിജ്ഞാപനം ചെയ്തു ചുവടെ ചേർത്തിരിക്കുന്ന ചട്ടങ്ങൾ സമിതി പരിഗണിക്കുകയും അവയ്ക്ക് സാധൂകരണം നൽകുകയും ചെയ്തു.

1. കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കൺഡക്റ്റ് ഓഫ് കേസസ് (അമെന്റ്മെന്റ്) റൂൾസ്, 2015
(എസ്. ആർ.ഒ. നമ്പർ 713/2015)
(ഫയൽ നം. 6203/സബ്. സി.ഡി2/2015/നി.സെ)
സർക്കാർ കത്ത് നം. 23423/ഇൻസ്പെ4/2015/നിയമം തീയതി 18.11.2015 & 04.12.2015.

2. കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ, 2015.
(എസ്. ആർ.ഒ. നമ്പർ 747/2015)
(ഫയൽ നം. 6879/സബ്.സി.ഡി2/2015/നി.സെ)
സർക്കാർ കത്ത് നം. 655/കെ.എൽ.ബി.എഫ് 2/15/നിയമം തീയതി 16.12.2015

IV സമിതി താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(i) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നം. 3164/സബ്.സി.ഡി2/2014/നി.സെ)

ഖണ്ഡിക നമ്പർ 126 മുതൽ 134 വരെ - പ്രവാസി കേരളീയകാര്യ വകുപ്പ്

(സർക്കാർ കത്ത് നം. 5302/ബി1/2014/നോർക്ക തീയതി 30.07.2015)

(ii) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

(ഫയൽ നം. 3442/സബ്.സി.ഡി2/2015/നി.സെ)

ഖണ്ഡിക നമ്പർ 19, 31, 32, 33, 34, 92, 93 - നിയമ വകുപ്പ്

സർക്കാർ കത്ത് നം. 14751/പാർല/2015/നിയമം തീയതി 17.09.2015

ഖണ്ഡിക 90, 91 - ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്
സർക്കാർ കത്ത് നം. 5793/ഔ.ഭ 1/2015/ഉഭപവ തീയതി 20.08.2015.

ഖണ്ഡിക 20,75,76 - ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

സർക്കാർ കത്ത് നം. 12738/എ. ആർ.13(1)/2015/ഉഭപവ തീയതി 28.10.2015.

ഖണ്ഡിക 6 - ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

സർക്കാർ കത്ത് നം. 12751/എ. ആർ.11(1)/2015/ഉഭപവ തീയതി 9.11.2015.

ഖണ്ഡിക 4, 5 - പൊതുഭരണ സ്പെഷ്യൽ (ഇ) വകുപ്പ്

സർക്കാർ കത്ത് നം. 46898/സ്പെ. ഇ 1/2015/പൊ.ഭ.വ തീയതി 05.01.2016.

യോഗം ഉച്ചയ്ക്ക് ശേഷം 12.35-ന് പിരിഞ്ഞു.

******

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.